
മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക









The Complete Media Solutions

TRINITY LIVE MEDIA

CHENGANNUR

PHOTOGRAPHY & VIDEOGRAPHY |
LIVE STREAMING
CLOTH & VINYL PRINTING |
LAZER & OFFSET PRINTING
TROPHY & MEMENTOS | PHOTO FRAMES |
WEDDING CARDS | ONLINE POSTERS


+91 9495164966, +91 9497259376, +91 7994671266

trinitylivemedia

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക


വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E--mail : orthodoxyuvajanam1936@gmail.com
facebook : Orthodox Christian Youth Movement Official


## പത്രാധിപ സമിതി


| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. വിജു ഏലിയാസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു (യൂഥിക) |
| പബ്ലീഷർ | ബിനു പാപ്പച്ചൻ, പുത്തൂർ |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ, തേവർവേലിൽ<br>ബിബിൻ ബാബു, കരുവാറ്റ |


## ഉൾതാളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം.................................**02**

**ശ്രേഷ്ഠ ഗുരുവും, ഉത്തമ ശിഷ്യനും**

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

മുഖമൊഴി.................................................................................**06**

യൂഥിക

ജനറൽ സെക്രട്ടറിയിൽ നിന്നും.....................................................**07**

ഫാ. വിജു ഏലിയാസ്

ഇടയസന്ദേശം.............................................................................**08**

**മലങ്കര സഭയുടെ അഭിമാവും, ആശ്രയവുമായ പ. പരുമല തിരുമേനി**

ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത SST

ലേഖനം......................................................................................**10**

**പരുമല പുണ്യവാൻ, കാലം ചിതൽ കുത്താത്ത പൂമരം**

ഫാ. ജോൺ ടി. വർഗ്ഗീസ്, കുളനട

ലേഖനം......................................................................................**12**

**പ. പരുമല തിരുമേനി: വൈദികശ്രേണിയും വിദ്യാഭ്യാസവും**

ഡോ. മേലേടത്ത് കുര്യൻ തോമസ്

ലേഖനം......................................................................................**14**


**മലയാളത്തിൽ അച്ചടിച്ച ലക്ഷണമൊത്ത ആദ്യത്തെ യാത്രാവിവരണം**

ഡോ. പോൾ മണലിൽ

യുവതീപംക്തി.............................................................................**16**

**ആത്മീയനിറവിന്റെ മകുടം: പരി. പരുമലതിരുമേനി**

അഷ്ന അന്ന വർഗ്ഗീസ്



## പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

# ശ്രേഷ്ഠ ഗുരുവും ഉത്തമ ശിഷ്യനും

**ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്ത**

മലങ്കരസഭാചരിത്രത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ മുതൽ ചിരപ്രതിഷ്ഠിതരായ രണ്ട് പിതാക്കന്മാരാണല്ലോ 'പുലിക്കോട്ടിൽ വലിയ തിരുമേനി'യും 'ചാത്തുരുത്തിൽ കൊച്ചുതിരുമേനി'യും. മുപ്പതിലധികം വർഷം ഇവർ ഒരേ ആത്മാവിൽ തോളോടുതോൾ ചേർന്ന് ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി മലങ്കര സഭയ്ക്കുണ്ടായ നേട്ടങ്ങൾ അത്ഭുതാവഹമാണ്. ഉദാത്തമായ ഈ ഗുരു-ശിഷ്യ ബന്ധത്തെക്കുറിച്ച് ചരിത്രത്തിൽ നിന്നും ലഭ്യമാകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഒരു ലഘു പഠനം നടത്തുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.



ആശാൻ പള്ളിക്കൂടത്തിലെ അക്ഷര കളരിയിലൊ, മല്പാൻ പാഠശാലയിലെ പരിശീലനത്തിലൊ ഈ പിതാക്കന്മാർ ഗുരുവും ശിഷ്യനും ആയിരുന്നില്ല! രണ്ടുപേരും അക്കാലത്ത് സ്വായത്തമാക്കാവുന്ന വിദ്യാഭ്യാസം ഭംഗിയായി നിർവ്വഹിച്ച് കർമ്മ മണ്ഡലങ്ങളിലേയ്ക്ക് പ്രവേശിച്ചതിനുശേഷം മാത്രമെ പരസ്പരം കണ്ടുമുട്ടുന്നുള്ളൂ. എന്നാൽ കർമ്മമണ്ഡലത്തിലെ നിയോഗങ്ങളാണ് അവരെ ഗുരുശിഷ്യന്മാരാക്കിയത്. 1833-ൽ ഭൂജാതം ചെയ്ത പുലിക്കോട്ടിൽ തിരുമേനിയും 1848-ൽ ജനിച്ച പ. പരുമല തിരുമേനിയും തമ്മിൽ പതിന്നാല് വർഷത്തിന്റെ പ്രായവ്യത്യാസമേയുള്ളൂ. ബാല്യത്തിൽ തന്നെ രണ്ടുപേരും പഠനശിബിരം ഭംഗിയായി പൂർത്തിയാക്കി ദൈവനിയോഗത്താൽ പ്രവർത്തനങ്ങൾ ആരംഭിച്ചവരാണ്. മുപ്പത്തിരണ്ടാം വയസ്സിൽ ഒരു നിയോഗംപോലെ മലങ്കര മെത്രാപ്പോലീത്തായായി സേവനം തുടങ്ങുമ്പോൾ (1865) പുലിക്കോട്ടിൽ തിരുമേനിയുടെ മുന്നിൽ ദൈവം നിയോഗിച്ച കർത്തവ്യങ്ങൾ ഏറെയായിരുന്നു. അന്ന് പരുമലതിരുമേനി മുളന്തുരുത്തിയിലെ പതിനെട്ടു വയസ്സുകാരനായ തപോതേജ്വസിയായ കൊച്ചച്ചൻ! എന്നാണ് ഗുരുവും ശിഷ്യനും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയെന്ന് വ്യക്തമല്ലെങ്കിലും 1870-ലെങ്കിലും അത് നടന്നിട്ടുണ്ടാകണം.

പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പരിശുദ്ധാത്മ പ്രേരിതരായ പൂർവ്വപിതാക്കന്മാരാൽ നട്ടുനനക്കപ്പെട്ട് വളർത്തപ്പെട്ടതുമായ മലങ്കരസഭയിലെ സത്യവിശ്വാസത്തെയും തനിമയെയും എന്തുവിലകൊടുത്തും നിലനിർത്തേണ്ടതും കാലികമായി വളർത്തി അടുത്ത തലമുറയിലേക്ക് വർദ്ധിപ്പിച്ചുകൊടുക്കേണ്ടതും ദൈവം തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള വലിയ ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കി അതിനായി ഒന്നിച്ചുവെന്നതാണ് ഈ പിതാക്കന്മാരുടെ മഹത്വം. 'നവീകരണം' എന്ന ഓമനപ്പേരിൽ സത്യവിശ്വാസധ്വംസനവും അധികാരദുർവിനിയോഗവും നടക്കുന്നതിനെതിരെയാണ് ഇവർ കൈകോർത്ത് പടപൊരുതുവാൻ ഇറങ്ങിയത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മിഷനറിമാരുമായുള്ള നല്ല ബന്ധത്തിൽ ഇദംപ്രഥമമായി ഒരു മലയാള പരിഭാഷ വി. വേദപുസ്തകത്തിന് (1811) ഉണ്ടാവുകയും ക്രമീകൃതമായ വൈദിക - അത്മായ പഠന പദ്ധതികൾക്കായി കോട്ടയം കോളജ് (പഴയസെമിനാരി) പ്രവർത്തനക്ഷമമാക്കുകയും (1815) ചെയ്തതോടെ ആരംഭിച്ച നവോത്ഥാനത്തിന് നേതൃത്വം നൽകിയ 'സഭാജ്യോതിസ്സ്' പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി, കായംകുളം പീലിപ്പോസ് റമ്പാച്ചൻ തുടങ്ങിയ ശ്രേഷ്ഠ വ്യക്തിത്വങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുന്നതിനു പകരം മലങ്കരയുടെ സത്യത്തെയും സ്വാതന്ത്ര്യത്തെയും വിദേശ നുകങ്ങളിൽ അടിമപ്പെടുത്തി വില കുറഞ്ഞ സ്ഥാനമാനങ്ങൾ സ്വീകരിച്ച് 'പഞ്ചകല്യാണി' പുറത്തു വിലസുന്ന ഒരു 'നവീകരണ' പ്രസ്ഥാനത്തിലേക്ക് സഭയെ തരംതാഴ്ത്തി ദിശാബോധം തെറ്റിക്കുന്ന ദയനീയ അവസ്ഥയിലാണ് ശക്തനായ പാലക്കുന്നത്തു മെത്രാച്ചനെന്ന ഗോല്യാത്തിനു

മുന്നിൽ ദൈവജനത്തിനുവേണ്ടി പടനയിക്കുവാൻ ചെറു ബാലനായ പുലിക്കോട്ടിൽ മെത്രാച്ചനെ ദൈവം നിയോഗിക്കുന്നത്. ആ പടക്കളത്തിൽ ദാവീദിനു കൂട്ടുനിൽക്കുവാൻ ഒരുക്കപ്പെട്ട നാഥാനായി (= ദൈവത്തിന്റെ ദാനം) പ. പരുമല തിരുമേനി ആരംഭിക്കുന്നു!

പടയൊരുക്കത്തിന്റെ ഭാഗമായും തന്റെ ആത്മീയ മക്കളെ കാണുവാനായും മുളന്തുരുത്തിയിലെത്തിയപ്പോഴാകാം ഇവർ തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച! ബാല്യത്തിൽ തന്നെ പൂർണ്ണമായും ദൈവികവേലയ്ക്കായി സമർപ്പിക്കപ്പെടുകയും മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ ആത്മീയ അന്തരീക്ഷത്തിൽ, പിതൃസഹോദരൻ ഗീവർഗ്ഗീസ് മല്പാനച്ചന്റെയും പണ്ഡിതനും ആരാധനാ വിദഗ്ദനുമായ യൂയാക്കീം മാർ കൂറിലോസിന്റെയും ശിക്ഷണത്തിൽ പ്രാവീണ്യം നേടി വൈദികനും, കോറെപ്പിസ്കോപ്പായും ശ്രേഷ്ഠ മാതൃകാ പുരുഷനുമായി മുളന്തുരുത്തി പള്ളി വികാരിയും മല്പാൻ പാഠശാലയിലെ അദ്ധ്യാപകനുമായി പ്രവർത്തിക്കുന്ന അവസ്ഥയിലാണ് ആദ്യ സംഗമം. കരുത്തുറ്റ ശിഷ്യനെ തേടി നടക്കുന്ന ഗുരുവിന്റെ കണ്ണുകളും കർമ്മ മണ്ഡലത്തിലേക്ക് കുതിക്കുവാനായി ദൈവനിയോഗം ലഭിച്ച് നിറഞ്ഞു നിൽക്കുന്ന ശിഷ്യന്റെ കണ്ണുകളും ആ ആദ്യകാഴ്ചയിൽ തന്നെ മലങ്കരയുടെ ഭാവിയെക്കുറിച്ച് ഒന്നിച്ച് ദർശനങ്ങൾ കണ്ടു. ഗുരുവിന്റെ ആത്മാവിനെ ദൈവാത്മാവിൽ അറിയുകയും അവിടുത്തെ ഭാവനകളെയും ആശയങ്ങളെയും പ്രപഞ്ചനന്മയ്ക്കായി പ്രാവർത്തികമാക്കുകയും ചെയ്യുന്നവനാണ് ശിഷ്യൻ. മഹാഭാരതത്തിൽ അർജ്ജുനനേത്രങ്ങളിൽ ഭീഷ്മാചാര്യർ കണ്ട തിളക്കം, ജോഷ്വായിൽ മോശ കണ്ട പ്രതീക്ഷ ചാത്തുരുത്തിൽ കോറെപ്പിസ്ക്കോപ്പായിൽ പുലിക്കോട്ടിൽ മെത്രാച്ചൻ കണ്ടു! ശിഷ്യനിലെ ആത്മികശക്തി തിരിച്ചറിഞ്ഞ ഗുരു വലിയ കാര്യങ്ങളിലേക്ക് ശിഷ്യനെ വിളിച്ച് ഉപാസിക്കുന്നതോടെയാണ് മലങ്കരയുടെ മഹാപരിശുദ്ധന്റെ ചരിത്രോദയം ആരംഭിക്കുന്നത്. മലങ്കരയിലെ അന്ധകാരത്തെ ഉച്ചാടനം ചെയ്ത് ആത്മീയ ചൈതന്യത്തിലേക്ക് അതിനെ നയിക്കുവാൻ കഴിവുള്ള ശിഷ്യനെയാണ് ദൈവം തന്റെ മുന്നിൽ ഒരുക്കി നിർത്തിയിരിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ ഗുരു എന്നും ശിഷ്യനെ ആദരിക്കുകയും ശിഷ്യന്റെ വളർച്ചയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നവനായിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു.

മുളന്തുരുത്തി പള്ളിയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല; പ്രത്യുത മലങ്കരയാകമാനം നിറയേണ്ടതാണ് ശിഷ്യനിലെ ചൈതന്യം എന്ന് മനസ്സിലാക്കിയ ഗുരു മലങ്കരസഭയുടെ സംഘടിത ആശ്രമപ്രസ്ഥാനം എന്ന ആശയം ശിഷ്യനിലൂടെ ആരംഭിക്കുന്നു; കോറെപ്പിസ്ക്കോപ്പായെ ഗുരുതന്നെ പൂർണ്ണാശ്രമത്തിന്റെ വസ്ത്രങ്ങളും വ്രതവും നൽകി റമ്പാച്ചനായി ഉപാസിക്കുന്നു! അവിടെയാണ് മലങ്കരയുടെ കെടാവിളക്കായ വെട്ടിക്കൽ ദയറായുടെ ആരംഭം. നിഷ്ഠയോടെയുള്ള യാമപ്രാർത്ഥനകളാലും കൂദാശാനുഷ്ഠാനങ്ങളാലും പെരുന്നാളാചരണങ്ങളാലും വിശ്വാസികൾക്ക് സ്വർഗ്ഗീയ അനുഭവവും സാന്ത്വനവും നൽകുന്ന, പ്രകൃതിയെ അനുഗ്രഹിക്കുന്ന ആദ്ധ്യാത്മികകേന്ദ്രമായി ചാത്തുരുത്തിൽ റമ്പാച്ചൻ ദയറായെ വളർത്തി. അനേകം യുവാക്കൾ റമ്പാച്ചനോടൊപ്പം ചേർന്ന് വൈദിക അഭ്യസനം നടത്തി. സഭാ ഭരണത്തിന്റെ തിരക്കുകൾക്കിടയിൽ പുലിക്കോട്ടിൽ വലിയ മെത്രാച്ചൻ ആത്മിക ഊർജം ലഭിക്കുന്നതിനും ദയറായുടെ വളർച്ച കണ്ട് ദൈവത്തെ സ്തുതിക്കുന്നതിനും പലപ്പോഴും അവിടെ എത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൈത്താങ്ങലും നൽകുകയും ചെയ്യുമായിരുന്നുവെന്ന് കണ്ടനാട് ഗ്രന്ഥവരി സാക്ഷിക്കുന്നു.

പിന്നീട് സഭയുടെ തെക്കൻ ഭാഗങ്ങളിൽ ഒരു ആത്മീയ കേന്ദ്രം ഉണ്ടാകണമെന്ന് പ്രാർത്ഥിച്ച് അതിനായി പരിശ്രമിച്ച ഗുരുവിന് പരുമലയിൽ സ്ഥലം ലഭിച്ചപ്പോൾ അവിടെ ഒരു സെമിനാരി പണിത് (അഴിപ്പുര) പ്രിയ ശിഷ്യനും മല്പാനുമായ ചാത്തുരുത്തിൽ റമ്പാച്ചന് അവിടെ ചുമതല നൽകി. തന്റെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും കളരിയായിതീർന്ന പരുമല ഇന്ന് ലോകതീർത്ഥാടനകേന്ദ്രങ്ങളിൽ പ്രമുഖസ്ഥാനം പ്രാപിച്ചത് ആ മഹാ പരിശുദ്ധന്റെ കബറിടത്തിൽ നിന്നും ആത്മികശക്തി ഒഴുക്കുന്നു; ഈ രണ്ട് സ്ഥലങ്ങളിൽ നിന്നും ഒഴുകുന്ന വിശുദ്ധിയുടെ പരിമളം ഇന്നും സഭയുടെ വലിയ ആത്മിക സ്രോതസ്സായി വിളങ്ങുന്നു.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലങ്കരയിലേക്ക് എഴുന്നള്ളിയപ്പോൾ അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുവാൻ വലിയ തിരുമേനി തെരഞ്ഞെടുത്ത് നിയോഗിച്ചത് ചാത്തുരുത്തിൽ ഗീവർഗ്ഗീസ് റമ്പാച്ചനെയായിരുന്നു. അങ്ങിനെ മുളന്തുരുത്തി സുന്നഹദോസിന്റെയും പ. ബാവായുടെ മറ്റെല്ലാ സന്ദർശന പരിപാടികളുടെയും സംഘാടക സമിതിയിൽ വലിയ തിരുമേനിയുടെ ആജ്ഞാനുവർത്തിയായും പ. ബാവായുടെ സെക്രട്ടറിയും ദ്വിഭാഷിയുമൊക്കെയായി സുറിയാനി- ഇംഗ്ലീഷ് ഭാഷകളിൽ നൈപുണ്യം ഉണ്ടായിരുന്ന റമ്പാച്ചൻ ശ്രേഷ്ഠമായി പ്രവർത്തിച്ചു. പത്രോസ് പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കരയുടെ സാഹചര്യങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി കൊടുക്കുന്നതിനോടൊപ്പം തന്നെ ബാവായുടെ മനസ്സു മുഴുവൻ അറിഞ്ഞ് അതിലെ നല്ല കാര്യങ്ങളെക്കുറിച്ച് വലിയ തിരുമേനിയെ അറിയിക്കുകയും എന്നാൽ അപകട മേഖലകളെക്കുറിച്ച് മുൻകൂട്ടി അറിയിച്ച് വേണ്ടതു ചെയ്യുവാൻ വലിയ തിരുമേനിയെ സഹായിക്കുകയും ചെയ്യുന്നതിൽ റമ്പാച്ചൻ വിജയിച്ചു. പ. പത്രോസ് തൃതീയൻ ബാവാ, ചാത്തുരു

ത്തിൽ റമ്പാച്ചനെ വലിയതിരുമേനിയുടെ ആഗ്രഹപ്രകാരവും സമ്മതപ്രകാരവും അല്ല മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയത്. എങ്കിലും അദ്ദേഹത്തെയും പുതുതായി വാഴിക്കപ്പെട്ട മറ്റ് അഞ്ചു മെത്രാന്മാരെയും ശത്രുതാ മനോഭാവത്തോടെ പുലിക്കോട്ടിൽ തിരുമേനി കാണുന്നില്ല. ഏക മലങ്കര മെത്രാപ്പോലീത്താ സംവിധാനത്തിൽ നിന്നും ഏഴു മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസ് സംവിധാനത്തിലേക്ക് സഭാനേതൃത്വം വളർന്നപ്പോൾ ഗുരുവായ വലിയതിരുമേനി മലങ്കര മെത്രാപ്പോലീത്തായും തദ്വാര അസ്സോസിയേഷൻ പ്രസിഡന്റും മലങ്കരയുടെ ആത്മീയ അദ്ധ്യക്ഷനുമായി നിലനിൽക്കേണ്ടത് സഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ ശിഷ്യൻ സഹമെത്രാപ്പോലീത്തന്മാരെ ആയതിലേക്ക് ബോധവൽക്കരിക്കുകയും വെട്ടിക്കൽ ദയറായിൽ കൂടി പ്രാർത്ഥനാപൂർവ്വം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ഗുരുദർശനങ്ങൾ അതീന്ദ്രിയ ജ്ഞാനത്താൽ അറിഞ്ഞ് അവ നടപ്പിൽ വരുത്തുന്നവനാണ് ഉത്തമ ശിഷ്യൻ എന്ന് ഭാരതീയ 'ഉപനിഷദ്' പാരമ്പര്യം പഠിപ്പിക്കുന്നു. പുലിക്കോട്ടിൽ വലിയ തിരുമേനിയുടെ ദർശനങ്ങളെ ശിരസ്സാ വഹിച്ച് അവയെ കർമ്മ കാണ്ഡത്തിലേക്ക് നയിക്കുന്ന കൊച്ചുതിരുമേനിയെയാണ് തുടർന്ന് മലങ്കരസഭ ദർശിക്കുന്നത്. സഭയുടെയും സമൂഹത്തിന്റെയും ഉദ്ധാരണവും ഉന്നമനവും ക്രമീകൃത വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉണ്ടാകൂ എന്ന ബോധ്യത്തിൽ തന്റെ ശ്രേഷ്ഠ പിതാമഹൻ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി (പഴയ സെമിനാരി സ്ഥാപകൻ) തുടങ്ങിവെച്ചിരുന്ന സാക്ഷരതായജ്ഞത്തെ പുലിക്കോട്ടിൽ രണ്ടാമൻ ജനകീയമാക്കുകയും കേരളമാകെ വ്യാപിപ്പിക്കുകയും ചെയ്തത് പ. പരുമല കൊച്ചുതിരുമേനിയുടെ ശക്തമായ പിൻതുണയോടെയായിരുന്നു. എല്ലാ പള്ളികളിലും പള്ളികൂടങ്ങൾ വേണമെന്നും ഉന്നത പഠനത്തിനായി കൂടുതൽ സെമിനാരികൾ വേണമെന്നും ചിന്തിച്ച് ആ ഗുരുവും ശിഷ്യനും അഹോരാത്രം പ്രയത്നിച്ചു വന്നതിന് അനേകം തെളിവുകൾ ലഭ്യമാണ്. കോട്ടയം എം. ഡി. സെമിനാരി, പരുമല സെമിനാരി, തഴക്കര സെമിനാരി, അനേകം വരുന്ന ഇന്നത്തെ സഭാ മാനേജ്മെന്റ് സ്കൂളുകൾ, ഇടവക മാനേജ്മെന്റിൽ തുടരുന്ന അനേകം സ്കൂളുകൾ (കുന്നംകുളം MJD. etc), പിന്നീട് സർക്കാർ ഏറ്റെടുത്ത സ്കൂളുകൾ (Mar Ignatius English Medium Girls High School, Kunnamkulam) ഇവയിൽ ചിലതു മാത്രമാണ്. കേരള നവോത്ഥാനത്തിൽ ഈ സ്കൂളുകളും അവയുടെ അനുബന്ധ പ്രസ്ഥാനങ്ങളും വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്.

അധഃകൃത സമുദ്ധാരണമായിരുന്നു ഗുരുവിന്റെ മറ്റൊരു സ്വപ്നം. നൂറ്റാണ്ടുകളായി സാമൂഹിക - സാംസ്ക്കാരിക വിവേചനത്തിന് അടിമപ്പെട്ടു കിടന്നിരുന്ന ഈ നാട്ടിന്റെ മക്കളെ ഉദ്ധരിക്കണമെന്നുള്ള ആഗ്രഹവും ആയതിനുള്ള പദ്ധതികളും ഫലപ്രദമായി നടപ്പിൽ വരുത്തിയതും പ്രിയ ശിഷ്യനായ കൊച്ചുതിരുമേനിയാണ്. ഡോ. സാമുവേൽ ചന്ദനപ്പള്ളിയെയും ഫാ. ഡോ. ജോസഫ് ചീരനെയും പോലെയുള്ളവർ അനേകം ചരിത്ര യാഥാർത്ഥ്യങ്ങളിലൂടെ ഇതിന് സാക്ഷ്യം നൽകുന്നുണ്ട്. ഗാന്ധിജിയും വിനോദജിയും അയ്യംകാളിയുമൊക്കെ തുടങ്ങുന്നതിനും ദശകങ്ങൾ മുമ്പ് കേരളത്തിലെ അധഃകൃത ഉദ്ധാരണവും വിദ്യാഭ്യാസ വിപ്ലവവും ആരംഭിച്ചത് മലങ്കരസഭയാണെന്നും അതിന് നേതൃത്വം വഹിച്ചത് ഈ ശ്രേഷ്ഠ ഗുരുവും ഉത്തമ ശിഷ്യനുമായിരുന്നുവെന്നും നാം നന്ദിയോടെ ഓർക്കണം.

ശരിയായ വേദശാസ്ത്രബോധവും ആരാധനാ സംവിധാനവുമുള്ള സഭയ്ക്ക് മാത്രമേ സമൂഹത്തിന് ആത്മിക നേതൃത്വം നൽകുവാൻ ശക്തി ലഭിക്കൂ എന്ന് തിരിച്ചറിഞ്ഞ ഗുരു ഇതിനായി അച്ചുകൂടങ്ങൾ സ്ഥാപിക്കുകയും സഹൃദയരെ ആഹ്വാനം ചെയ്യുകയും ചെയ്യുമായിരുന്നു. കോട്ടയം സെമിനാരിയിലെ സെന്റ് തോമസ്സ് അച്ചുകൂടം, മനോരമ അച്ചുകൂടം, കുന്നംകുളത്തെ അക്ഷരപ്രകാശിനി അച്ചുകൂടം (ARP Press), കോനാട്ട് മാർ യൂലിയോസ് അച്ചുകൂടം എന്നിവയുടെയെല്ലാം ആരംഭത്തിൽ ഈ ഗുരു - ശിഷ്യന്മാർക്ക് വലിയ പങ്കുണ്ടായിരുന്നുവെന്ന് കാണുന്നു. ആരാധന പുസ്തകങ്ങൾ, കേരള പതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങി ഒട്ടനവധി പ്രസിദ്ധീകരണങ്ങളിലൂടെ സഭയുടെ സ്തുതിചൊവ്വാകപ്പെട്ട സത്യവിശ്വാസവും അതിന്റെ കാലികഭാവങ്ങളും ജനത്തെ പഠിപ്പിക്കുവാനും പ്രതിപ്രവർത്തനത്തിലൂടെ ജനതയെ സാമൂഹിക പ്രതിബദ്ധതയിൽ നയിക്കുവാനും അക്കാലത്ത് ഈ പ്രസിദ്ധീകരണങ്ങളിലൂടെ സാധിച്ചിരുന്നുവെന്ന് കാണാം.

മലങ്കരസഭയ്ക്ക് ഭാരതീയവും ആഗോളവുമായ ഭാവം ഉണ്ടാകണമെന്ന് കരുതി ആയതിനായി കൂട്ടായി പ്രവർത്തിക്കുവാനും ഈ ഗുരു ശിഷ്യ ബന്ധത്തിന് കഴിഞ്ഞതിന്റെ ഉത്തമ ഉദാഹരണമാണ് ബ്രഹ്മവാർ സമൂഹവും ശ്രീലങ്കൻ - അമേരിക്കൻ സമൂഹവും. ഗോവൻ കത്തോലിക്കാ സമൂഹത്തിൽ നിന്നും അൽവാറീസ്സ് മാർ യൂലിയോസ്സ് മെത്രാച്ചനും അമേരിക്കയിൽ നിന്നും റെനിവിലാത്തി തീമോത്തിയോസും യഥാക്രമം പഴയ സെമിനാരിയിൽ വച്ചും കൊളമ്പിൽ വച്ചും വാഴിക്കപ്പെട്ടത് ഈ പിതാക്കന്മാരുടെ ദീർഘവീക്ഷണ ഫലമായാണ്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ആദ്യം ശിഷ്യനും പിന്നെ ഗുരുവും കാലയവനികയിൽ മറഞ്ഞതോടെ ഈ മുന്നേറ്റം മലങ്കരയിൽ അവസാനിച്ചുവെന്നത് ഒരു ദുഃഖസത്യമായി തുടരുന്നു.

കൊച്ചുതിരുമേനി 1890 - കളിൽ കുന്നംകുളത്ത് എഴുന്നള്ളിയപ്പോൾ വലിയ തിരുമേനിയുടെ മാതൃഇടവകയായ വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പാലൂർ

ദേശത്തെ 'തലപ്പള്ളി' എന്ന് അറിയപ്പെടുന്ന വി. കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള ചാട്ടുകുളങ്ങര പള്ളിയുടെ ശവക്കോട്ട മതിലുകൾ പൊളിഞ്ഞു കിടക്കുന്ന ദുരവസ്ഥ കാണുകയും ഉടൻ തന്നെ നാലര ഏക്കർ സ്ഥലത്ത് നിറഞ്ഞു നിൽക്കുന്ന ശവക്കോട്ടയും പള്ളിയും പൂർണ്ണമായി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി പ്രാർത്ഥനാപൂർവ്വം അവിടെ താമസിച്ച് പണി പൂർത്തിയാക്കി കൂദാശ ചെയ്തതായി ആർത്താറ്റ് പള്ളി ചരിത്രത്തിൽ വായിക്കുന്നു. നൂറ്റിഇരുപതു വർഷങ്ങൾക്കു ശേഷം ഇന്നും ഈ മതിൽ യാതൊരു കേടും കൂടാതെ നിൽക്കുന്നു! ഗുരുവായ വലിയതിരുമേനി മലങ്കരസഭയുടെ അതിരുകൾ പണിതുറപ്പിക്കുവാൻ യത്നിച്ച് മലങ്കര മുഴുവൻ നിറഞ്ഞ് പ്രവർത്തിക്കുമ്പോൾ ശിഷ്യൻ ഗുരുപൂജയും ദക്ഷിണയുമായി ഗുരുവിന്റെ മാതൃഇടവകയുടെ കെട്ടുപണി ചെയ്യുന്നു!

ശിഷ്യനിൽ നേതാവിനെയും ഗുരുവിനെയും കണ്ടെത്തി ദീർഘ തപസ്യയിലൂടെ ഊടും പാവും ചേർത്ത് ഉപാസിച്ചെടുത്ത് 'ശിഷ്യാ നീയാണ് ഗുരു' എന്ന് ആത്മ മന്ത്രണം നടത്തി ഗുരുപീഠം ശിഷ്യനു നൽകുന്നവനാണ് യഥാർത്ഥ ഗുരുവെന്ന് ഭാരതീയ ഗുരുപാരമ്പര്യത്തിൽ കാണുന്നു. കേവലം അറുപത്തിയഞ്ചാം വയസ്സിൽ അമ്പതു വയസ്സുകാരനായ ശിഷ്യനിലേക്ക് നേതൃത്വമാറ്റം നടത്തുവാൻ ആലോചിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശിഷ്യൻ നയിക്കട്ടെ എന്ന് ആഗ്രഹിച്ച് 1898-ൽ ഗുരു കമ്മിറ്റി കൂടിയെന്നും എന്നാൽ അധികാരമോഹം അശേഷം ഇല്ലാതിരുന്ന ഉത്തമ ശിഷ്യൻ ഒരു പ്രമേയത്തിലൂടെ "ഗുരുവേ നയിച്ചാലും; ഞങ്ങൾ കൂടെയുണ്ട്" എന്ന് പ്രതികരിച്ചെന്നും സഭാരേഖകളിൽ കാണുന്നു. നാലു വർഷങ്ങൾക്കു ശേഷം ഗുരുവിന് മുമ്പേ ശിഷ്യൻ ലോകത്തോട് വിടപറഞ്ഞപ്പോൾ ഗുരുഹൃദയം പിടഞ്ഞു; മനസ്സു തകർന്നു; ശരീരം തളർന്നു. ശിഷ്യന്റെ കബറടക്കത്തിൽ തേങ്ങിക്കരയുന്ന, തളർന്നു വീഴുന്ന ഗുരുവിനെ ചരിത്രം സാക്ഷിക്കുന്നു. ക്രൈസ്തവ പ്രത്യാശ ഇല്ലാത്തതുകൊണ്ടല്ല; മറിച്ച് അത്രമേൽ ഗാഢവും തീവ്രവുമായ ഗുരു-ശിഷ്യ ബന്ധത്തിന്റെ മാനുഷികഭാവം മൂലമാണ് ലാസറിന്റെ കബറിടത്തിൽ കരഞ്ഞ കർത്താവിന്റെ പ്രതിപുരുഷൻ ഇവിടെ കരഞ്ഞത് എന്നോർക്കണം. എന്നാൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി സടകുടഞ്ഞെഴുന്നേറ്റ ഗുരു തന്റെയും പ. പരുമല തിരുമേനിയുടെയും മറ്റൊരു വിശ്വസ്ത ശിഷ്യനിൽ മലങ്കരയുടെ നേതാവിനെ ആത്മനേത്രങ്ങളാൽ കാണുകയും അങ്ങിനെ വട്ടശ്ശേരിൽ ഗീവർഗ്ഗീസ്സ് മല്പാനെ റമ്പാനാക്കി യെരുശലേമിലയച്ച് തന്റെ തന്നെ നാമത്തിൽ (ദീവന്നാസ്യോസ്) വാഴിച്ച് മലങ്കരയിലെത്തിച്ച് സർവ്വതും കൈമാറി സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയോടെ അരങ്ങൊഴിയുന്നു! എത്ര ശ്രേഷ്ഠം ആ വിശ്വ ഗുരുവിന്റെ തേജോഭാവം!

ഇന്ന് നൂറിലധികം വർഷങ്ങൾക്കു ശേഷം തിരിഞ്ഞു നോക്കുമ്പോൾ ഗുരു മറവായി നിന്ന് ശിഷ്യന്മാർ വളർന്ന് പരിമളം പരത്തുന്ന സുന്ദരമായ കാഴ്ച ദർശിക്കുന്നു. എത്ര മായിച്ചു കളയുവാൻ ശ്രമിച്ചാലും അത്രമേൽ തേജോഭാവത്തോടെ പ്രകാശിതമാവുന്നതാണ് മലങ്കര സഭാചരിത്രത്തിൽ എന്നും സ്മരിക്കപ്പെടേണ്ട ഈ ഗുരു-ശിഷ്യ ബന്ധം. ശ്രേഷ്ഠ ഗുരുക്കന്മാർക്കു മാത്രമേ ഉത്തമ ശിഷ്യന്മാർ ഉണ്ടാകൂ. ശിഷ്യന്മാരിലൂടെയാണ് ഗുരു അറിയപ്പെടേണ്ടത് തുടങ്ങിയ ആപ്ത വാക്യങ്ങൾ ഈ ഗുരു-ശിഷ്യ ബന്ധത്തിലും സ്വാർത്ഥകമാകുന്നു. സുദൃഢമായ ആത്മബന്ധമുള്ള ശ്രേഷ്ഠ ഗുരുക്കന്മാരും ഉത്തമ ശിഷ്യന്മാരും ഇനിയും മലങ്കരയിൽ ഉണ്ടാകട്ടെ എന്നും ഈ പൂർവ്വപിതാക്കന്മാരുടെ ഇനിയും പൂവണിഞ്ഞിട്ടില്ലാത്ത സ്വപ്നങ്ങൾക്ക് വർണ്ണങ്ങൾ നൽകുവാൻ അവർക്ക് സാധിക്കട്ടെ എന്നും നമുക്കു പ്രാർത്ഥിക്കാം. അവരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കാവലുമായിതീരട്ടെ.

*(പുലിക്കോട്ടിൽ ജോഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ തിരുമേനിയുടെ ചരമശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച 'യുഗതേജസ്സ്' എന്ന പുസ്തകത്തിൽ എഴുതിയ ലേഖനത്തിന്റെ പൂർണ്ണരൂപം.)*

## ഒമാൻ സോണൽ കോൺഫറൻസ്




സലാല : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സുൽത്താനേറ്റ് ഓഫ് ഒമാനിലെ സലാല സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്ന ഏകദിന സമ്മേളനം നടന്നു. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. 'ഭൂമിയിലെ തീർത്ഥാടകർ' എന്നതായിരുന്നു ഈ വർഷത്തെ മുഖ്യചിന്താവിഷയം.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയെ യോഗം ആദരിച്ചു.

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

ഈ ശുഭരമ്യ ഭൂവാസത്തിൽ ആത്മീയ കാന്തിയുടെ വല്കമണിഞ്ഞ മുനി വര്യനായ പരിശുദ്ധ പരുമല തിരുമേനിയുടെ സ്മരണകൾക്ക് വസന്തം വിളിച്ചോതുന്ന ഹരിതകാന്തി പോലെ ശോഭയേറുകയാണ്.

വസന്തവും ഗ്രീഷ്മവും ശൈത്യവും ഹേമന്തവും തുടങ്ങിയ ഋതുക്കൾ മാറിമറിഞ്ഞ 121 അബ്ദങ്ങളിലൂടെ ആ ആത്മീയ ഹരിതകാന്തി ഒളിമങ്ങാതെ മലങ്കര മണ്ണിൽ പരിലസിച്ചുകൊണ്ടേയിരിക്കുന്നു ...

പൗർണമി തിങ്കൾ പോൽ ആത്മീയ - ഭൗതിക വിഹായസ്സിൽ മരതകപുഞ്ചിരി വിതറിയ അവധൂതനായ ആ പുണ്യ പിതാവ് മാനവന്റെ ജനി - മൃതികൾക്കിടയിലെ ആലംബവും ആശ്രയവുമായി നിലകൊള്ളുന്ന മഹാ മധ്യസ്ഥനാണ്.

ബാല്യത്തിൽ തന്നെ ആത്മീയ പരിവർത്തനത്തിലൂടെയും സമർപ്പണ മഹത്തീകരണത്തിലൂടെയും പ്രാർത്ഥന ശാക്തീകരണത്തിലൂടെയും ദൈവീകതയുടെ വസന്തപ്പൂക്കൾ വിരിച്ച പുണ്യപിതാവ് തലമുറകൾക്ക് ഊർജവും, അഭയപ്പെടുന്നവർക്ക് പ്രഭയും, വിഭിന്ന മതസ്ഥർക്ക് ദൈവീക സാക്ഷ്യവും നൽകിക്കൊണ്ടേയിരിക്കുന്നു.

ഭൗതിക പ്രതിലോമ തരംഗവീചികളെ ആത്മീയ നനവാക്കി പുണ്യതയുടെ ഘടികാര ചക്രങ്ങളിൽ സന്നിവേശിപ്പിക്കുകയും ജീവിതത്തിന്റെ ഗതിവിഗതികളെ നന്മയിലും വിവേകത്തിലും നിയന്ത്രിക്കുകയും ചെയ്ത ആ മഹാത്മാവിന്റെ പുണ്യ ജീവിതം യുവജനങ്ങൾക്ക് അനുകരണീയവും ആത്മീയ തപോധനവുമാണ്.

ആ മഹാ പരിശുദ്ധന്റെ സ്വർഗീയ മധ്യസ്ഥത ശ്രേഷ്ഠത താഴ്വാരങ്ങളിലെ പനിനീർ പുഷ്പം പോലെയും വയൽപാടങ്ങളിലെ കതിരുകൾ പോലെയും ഗിരിശൃംഗങ്ങളിലെ ഹരിതഭംഗിയേറുന്ന സസ്യങ്ങൾ പോലെയും സമുദ്രങ്ങൾക്ക് പ്രകമ്പനമേകുന്ന തിരമാലകളുയുടെ അലയടികൾ പോലെയും ഉദയസൂര്യന്റെ ശാന്തമായ പ്രകാശത്തിൽ നയനാർദ്രമാകുന്ന മഞ്ഞുതുള്ളിയുടെ തെളിമ പോലെയും ലോകത്തിന് പ്രകാശം നൽകുന്ന സൂര്യനെ നോക്കി ഓരോ ജീവജാലങ്ങളും ഊർജ്ജസറ്റതാകുന്നതു പോലെയും അനവരതം - അനസൂയം - അനന്തം പ്രോജ്ജ്വലിച്ച് ശ്രേഷ്ഠമായിരിക്കുന്നു ....

ആ പുണ്യന്മാവിന്റെ മാധ്യസ്ഥം,
ജീവത വീഥികളിൽ നവബോധ വസന്തത്തിന്റെ

ആദരപൂർവ്വം,
**ഫാ. ലൂക്ക് ബാബു (യൂഥിക)**
ചീഫ് എഡിറ്റർ





# ജനറൽ സെക്രട്ടറിയുടെ കത്ത്

ഓർത്തഡോക്ൾസ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇത് . തൊഴിലില്ലായ്മയും, സാമ്പത്തീക പ്രതിസന്ധികളും സമൂഹത്തെയും വിശിഷ്യ യുവജനങ്ങളേയും ബാധിച്ചിട്ടുണ്ട്. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് പോലും അവരുടെ അർഹതക്ക നുസരിച്ചു തൊഴിൽ ലഭിക്കാത്ത സാഹചര്യവും നിലവിലുണ്ട്. നമ്മുടെ പ്രസ്ഥാനത്തിന്റെ ദശാംശം പദ്ധതിയിൽ ലഭിക്കുന്ന തുകയിൽ ഗണ്യമായ കുറവ് പ്രകടമാണ്. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പൂർണതയോടെ മുന്നോട്ടു പോകുവാൻ സാമ്പത്തികമായ പിൻബലം ആവശ്യമാണ് . നിരവധി സാധുജന സംരക്ഷണ പദ്ധതികൾ വിവിധ ഭദ്രാസനങ്ങളുടെ നേതൃത്വത്തിലും , കേന്ദ്ര തലത്തിലും ഏകോപിപ്പിച്ചു കൊണ്ട് നടത്തുന്നുണ്ട് . ഭവന നിർമ്മാണവും, ചികിൽസാ സഹായങ്ങളും, പ്രയാസമനുഭവക്കുന്ന പ്രവാസി സഹോദരങ്ങൾക്ക് കൈത്താങ്ങൽ നൽകുന്ന പദ്ധതികളും സമർപ്പണത്തോടെ നടന്നുവരുന്നുണ്ട് . അതോടൊപ്പം തന്നെ ഭദ്രാസന , റീജിയൻ , കേന്ദ്ര തലങ്ങളിൽ മൈക്രോ കോൺഫെറെൻസുകളും , യുവജന സംഗമങ്ങളും , കായിക മത്സരങ്ങളും , പ്രാർത്ഥന സംഗമവും, പഠന ശിബിരങ്ങളും നടക്കുന്നു . എന്നാൽ എല്ലാ ഭദ്രാസങ്ങളും ഒരേ പോലെ സാമ്പത്തീക ഭദ്രത ഉള്ളവയല്ല . അവിടുത്തെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര തല സഹായങ്ങളും, കൈത്താങ്ങലുകളും അനിവാര്യമാണ് . പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസ് തന്നെ വളരെ ചിലവേറിയ ഒന്നായി ഇന്ന് മാറിയിട്ടുണ്ട് .

ആയതിലേക്ക് ധന സമാഹരണത്തിനായി ഓർത്തഡോക്ൾസ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രവർത്തന ഫണ്ട് സമാഹരണം നടത്തുവാൻ കേന്ദ്ര കമ്മിറ്റി തീരുമാനിക്കുകയുണ്ടായി . അതിനാൽ എല്ലാ കേന്ദ്ര അസംബ്ലി അംഗങ്ങളും 100 രൂപ വീതമുള്ള 25 കൂപ്പണുകൾ വിതരണം ചെയ്തു ആ തുക കേന്ദ്ര ട്രെഷററെ ഏൽപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. പ്രവർത്തന ഫണ്ട് സമാഹരണത്തിന്റെ ഭദ്രാസന തല ഏകോപന ചുമതല അതാതു ഭദ്രാസന യുവജന പ്രസ്ഥാനം സെക്രട്ടറിമാർക്കായിരിക്കും . ആത്മാർത്ഥമായ സഹകരണവും പങ്കാളിത്തവും ഇക്കാര്യത്തിൽ ഉണ്ടാകണമേ.

ഉറവയിലേക്കു പാഠ്യപദ്ധതിയുടെ കേന്ദ്ര തലത്തിലുള്ള ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ, അതുപോലെ ഭദ്രാസന തലത്തിലുള്ള ഒന്ന്, രണ്ട് സ്ഥാനങ്ങൾ, വിജയിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് എന്നിവ 29.10.2023 ഞായറാഴ്ച ഉച്ചകഴിഞ്ഞു 2.00 മണിക്ക് പരുമലയിൽ വച്ച് നടക്കുന്ന യുവജന സംഗമത്തിൽ വച്ച് സമ്മാനിക്കുന്നതാണ്. ആയതിനാൽ സമ്മാനാർഹരായവർ നിർബന്ധമായും ആ സമ്മേളനത്തിൽ പങ്കെടുക്കുകയും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റു വാങ്ങുകയും ചെയ്യേണ്ടതാണ്. പരുമലയിൽ വച്ച് നടക്കുന്ന യുവജന സംഗമവും, 26.10.2023 ന് ആരംഭിക്കുന്ന അഖണ്ഡ പ്രാർത്ഥനയും അനുഗ്രഹകരവും വിജയ പ്രദവുമാക്കി തീർക്കുവാൻ എല്ലാവരും പ്രാർത്ഥിക്കണമേ... പ്രവർത്തിക്കേണമേ ...

ആജ്ഞാനുസരണം ,

ഫാ വിജു ഏലിയാസ്

ജനറൽ സെക്രട്ടറി

**യുവജനം ത്രൈമാസികയിൽ മിതമായ നിരക്കിൽ പരസ്യങ്ങൾ നൽകാം**

വിവാഹം, വിവാഹ വാർഷികം, മാമോദീസ, ശുഭ മുഹൂർത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ...
നമ്മുടെ സ്ഥാപനങ്ങൾ, സംരംഭങ്ങൾ തുടങ്ങിയ വ മറ്റുള്ളവരെ അറിയിക്കാൻ...
പ്രിയപ്പെട്ടവരുടെ വാങ്ങിപ്പിന്റെ പാവനസ്മരണകൾ ഓർമിക്കുവാൻ....

**കൂടുതൽ വിവരങ്ങൾക്ക് :**
**ബിബിൻ ബാബു കരുവാറ്റ (9633805404), റ്റിബിൻ ചാക്കോ തേവർവേലിൽ (8086189918)**

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം





# മലങ്കരസഭയുടെ അഭിമാനവും, ആശ്രയവുമായ പരി.പരുമല തിരുമേനി

**ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത SST** (കൊല്ലം ഭദ്രാസനം)

**മുഖവുര:** സഭയിലെ യുവജനപ്രസ്ഥാനത്തിന്റെ ഔദ്യോഗിക മാസികയായ യുവജനം ത്രൈമാസിക പരി.പരുമല തിരുമേനിയുടെ 121-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഒരു സ്പെഷ്യൽ പതിപ്പ് ഒക്ടോബർ 29 ന് പരുമലയിൽ കൂടു യുവജന സംഗമത്തിൽ പ്രസിദ്ധീകരിക്കുന്നു എന്നറിയുതിൽ നാം അതിയായി സന്തോഷിക്കുന്നു. പ്രസ്തുത പതിപ്പിലേയ്ക്ക് ഒരു ലേഖനം നൽകുവാൻ മാസികയുടെ ചീഫ് എഡിറ്റർ ബഹു. ലൂക്ക് ബാബു അച്ചൻ ആവശ്യപ്പെട്ടത് ഒരു അഭിമാനവും അനുഗ്രഹവുമായി കരുതുന്നു. പരി.പരുമല തിരുമേനിയുമായി ബന്ധപ്പെട്ട ചില ചിന്തകൾ ഈ ലേഖനത്തിലൂടെ കുറിക്കുന്നു.

**ആമുഖം :**

പരി.പരുമല ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി കേവലം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ പ്രഥമ പ്രഖ്യാപിത പരിശുദ്ധൻ മാത്രമല്ല ആഗോള ക്രൈസ്തവ സഭയിൽ ആധുനിക യുഗത്തിൽ പ്രാഭവത്തോടെ പരിലസിച്ച രാജർഷിയും വിശ്വഗുരുവും,വിശ്വമാനവികനും, സാമൂഹിക പരിഷ്ക്കർത്താവുമായിരുന്നു. പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസത്തിന്റെ പ്രതീകവും മാതൃകയും, സ്രോതസ്സും ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതവും വാക്കുകളും. മുളന്തുരുത്തിയിൽ ചാത്തുരുത്തി കുടുംബത്തിൽ 1848 ജൂൺ 15 ന് ഭൂജാതനായ തിരുമേനി, പുലിക്കോട്ടിൽ ജോസഫ് മാർ ദീവാസിയോസ് രണ്ടാമൻ തിരുമേനിയുടെയും അന്നത്തെ പ്രഗത്ഭരായിരു മേൽപ്പട്ടക്കാർ, വൈദീക ഗണങ്ങൾ എന്നിവരുടെ ആത്മീയ ശിക്ഷണത്തിലൂടെയും മുളന്തുരുത്തി വെട്ടിക്കൽ ദയറായിലെ സന്യാസ ജീവിതത്തിലൂടെയും വിശുദ്ധിയുടെ സോപാനം ചെറുപ്പത്തിലെ അദ്ദേഹം ചവിട്ടിക്കയറി. പരുമല ദ്വീപ് അദ്ദേഹത്തിന്റെ കർമഭൂമിയായി. ഒരേ സമയം നിരണം, തുമ്പമൺ, കൊല്ലം എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. അന്നത്തെ കാലത്ത് വളരെ ക്ലേശകരമായിരുന്ന യേരുശലേം തീർത്ഥാടനം നിർവ്വഹിച്ച് 'യേരുശലേം യാത്ര' എന്ന സഞ്ചാര സാഹിത്യകൃതി മലയാള ഭാഷയിൽ ഇദംപ്രഥമായി പ്രസിദ്ധീകരിച്ചു. പരുമലയിൽ വൈദീക പരിശീലനത്തിനായി സെമിനാരി സ്ഥാപിക്കുകയും അതിലെ ശ്രേഷ്ഠമൽപ്പാനായി പ്രവർത്തിച്ച് അനേക വൈദീകർക്ക് വഴികാട്ടിയായി. ഭദ്രാസന ഭരണമോ, മറ്റ് സാമൂഹിക പ്രവർത്തനങ്ങളോ തന്റെ സന്യാസ-നൈഷ്ഠിക ജീവിത ക്രമങ്ങളെ പാലിക്കുന്നതിൽ നിന്ന് ലേശം പോലും വ്യതിചലിക്കുവാൻ ഇടയാക്കിയിരുന്നില്ല. 1902 നവംബർ 2 ന് ദൈവസന്നിധിയിൽ ചേർക്കപ്പെടുന്നത് വരെ രാജർഷിയായും ആത്മീയ ഗുരുവായും അനേകർക്ക് ആശ്വാസദാതാവായും അദ്ദേഹം വർത്തിച്ചു. ഇന്ന് അദ്ദേഹത്തിന്റെ ആത്മീയ പരിമളം വീശുന്ന പരുമല ദേവാലയവും, കബറും വിശ്വാസികൾക്ക് മാത്രമല്ല നാനാജാതി മതസ്ഥരായ ആളുകൾക്ക് ശാന്തിയുടെ പ്രാർത്ഥനാസങ്കേതവും ആശ്രയസ്ഥാനവുമാണ്. പരി.പരുമല തിരുമേനി ഉൾപ്പെടെയുള്ള എല്ലാ വിശുദ്ധന്മാരുടെയും ജീവിതവുമായി ബന്ധപ്പെട്ടിട്ടുള്ള ചില ആത്മീയ ചിന്തകൾ പങ്കുവയ്ക്കുന്നു.

**1. മധ്യസ്ഥ പ്രാർത്ഥനയുടെ ശ്രേണിയും, പാരസ്പര്യതയും:**

മലങ്കര സഭ ഭാഗ്യവതിയാണ്. പരി. ദൈവമാതാവ്, ശ്ലീഹന്മാർ, സഹദേന്മാർ, മൽപ്പാന്മാർ, സന്യാസി പിതാക്കന്മാരും മാതാക്കളും, പൂർവ്വീക പിതാക്കന്മാർ എന്നിവരുടെ നീണ്ട നിര നമുക്കു വേണ്ടി പ്രാർത്ഥിക്കുവാനും ദൈവസിധിയിൽ മധ്യസ്ഥം വഹിക്കുവാനുമുണ്ട്.

എബ്രായർ ലേഖനം 12-ാം അധ്യായത്തിൽ ഇതിന്റെ സൂചന ലഭിക്കുന്നുമുണ്ട്. ആകയാൽ സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് നമ്മെ ബലഹീനമാക്കുന്ന സകല ഭാരങ്ങളും എറിഞ്ഞു കളഞ്ഞിട്ട്, നമ്മെ വേഗത്തിൽ മുറുകെ പിടിക്കുന്ന പാപങ്ങളെ വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന മത്സര ഓട്ടം സ്ഥിര നിശ്ചയത്തോടെ ഓടുക. വിശുദ്ധന്മാർ നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നു; നാം അവർക്കു വേണ്ടിയും ദൈവസിധിയിൽ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയുടെ ഈ പാരസ്പര്യതയാണ് ഓർത്തഡോക്സ് വിശ്വാസത്തിന്റെ ശക്തിയും, കാതലും. പരി.സഭയിൽ മധ്യസ്ഥ പ്രാർത്ഥനാ ശക്തിയുടെ ഒരു ശ്രേണി (Intercessional Hierarchy)നിലനിൽക്കുന്നു. ഈ പ്രാർത്ഥനാ ശ്രേണിയുടെ ഏറ്റവും മുകളിലായി ദൈവമാതാവിന്റ ശക്തിയേറിയ പ്രാർത്ഥന, അതിനു താഴെ ശ്ലീഹന്മാർ, സഹദേന്മാർ, വിശുദ്ധന്മാർ, പൗരോഹിത്യ പിതാക്കന്മാർ, പൂർവ്വീക പിതാക്കന്മാർ എന്നിവരുടെ

പ്രർത്ഥനാ നിലനിൽക്കുന്നു. ഈ പ്രാർഥനാ ശ്രേണിയോട് ചേർന്ന് നാമും പ്രാർത്ഥിക്കുമ്പോഴാണ് അത് ദൈവസിധിയിൽ ശ്രേഷ്ഠമായിത്തീരുത്. എല്ലാ പ്രാർത്ഥനകളും, ലോകത്തിന്റെ പാപത്തിന് വേണ്ടി സ്വയം യാഗമായി അറുക്കപ്പെട്ട കുഞ്ഞാടായ ദൈവപുത്രന്റെ കരങ്ങളിലേയ്ക്ക് സ്വീകരിക്കപ്പെടുന്നു. അത്യുന്നത മധ്യസ്ഥനായ പുത്രൻ തമ്പുരാൻ, ഈ പ്രാർത്ഥനകളെല്ലാം പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. ഇതാണ് മധ്യസ്ഥ പ്രാർത്ഥനയുടെ ഓർത്തഡോക്സ് ദൈവശാസ്ത്രം.

### 2. വിശുദ്ധന്മാരുടെ അമരത്വം

ഹൈന്ദവ വീക്ഷണത്തിൽ ദേവന്മാർക്ക് മരണമില്ല എന്നു പറയുന്നതുപോലെ വിശുദ്ധന്മാർ അമരത്വം പ്രാപിച്ചവരാണ്. അഞ്ചുവിധത്തിലുള്ള വിശുദ്ധന്മാരെക്കുറിച്ച് പറയാറുണ്ട്. 1.പൗരോഹിത്യ വിശുദ്ധന്മാർ (Priestly Saints) 2. അത്മായ വിശുദ്ധന്മാർ (Laity Saints) 3. സന്യാസ വിശുദ്ധന്മാർ (Ascetic Saints) 4. രക്തസാക്ഷികളായ വിശുദ്ധന്മാർ (Martyor Saints) 5.പോരാളി വിശുദ്ധന്മാർ (Warrior Saints). ലോകത്തോടും ജഡത്തോടും പൈശാചിക തന്ത്രങ്ങളോടും പോരാടി വിശുദ്ധിയിൽ വളരുവരാണ് ഈ വിശുദ്ധന്മാരെല്ലാവരും തന്നെ. വളർച്ച മരണമില്ലായ്മയുടെ പ്രത്യക്ഷ പ്രതീകങ്ങളാണല്ലോ. ആകയാൽ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച്, വിശുദ്ധിയിൽ വളർന്ന്, ക്രിസ്തീയ പ്രത്യാശയിൽ കടന്നുപോയ വിശുദ്ധന്മാർ ദൈവ സംസർഗത്തിൽ അമർത്യതയിൽ കഴിയുന്നു എന്നുള്ളതാണ് ആഴമായ ഓർത്തഡോക്സ് വിശ്വാസം.

### 3. വിശുദ്ധിയുടെ തലങ്ങൾ

ക്രിസ്തീയ വീക്ഷണത്തിൽ വിശുദ്ധി എന്നുള്ളത് മൂന്ന് കാര്യങ്ങളുടെ ആകെത്തുകയും അവകളുടെ സമ്യക്കായ സങ്കലനവുമാണ്. ഇവകൾ സുതാര്യത (Transparency), നൈർമല്യം (Unpolutedness), പരിത്യാഗം (Dedicative Renunciation). തന്നെയും തന്നിലുള്ളതിനെയും പരിത്യജിക്കാതെ ഒരുവന് വിശുദ്ധിയുടെ തലങ്ങളിലേക്ക് ഉയരുവാൻ സാധ്യമല്ല. അതാണല്ലോ നമ്മുടെ കർത്താവ് അരുളി ചെയ്തത്: 'ഒരുവൻ എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുങ്കിൽ അവൻ സ്വയം ത്യജിച്ച് ദിനവും കുരിശ്ശെടുത്ത് എന്നെ അനുഗമിക്കട്ടെ'. പരി.പരുമല തിരുമേനിയിൽ ഈ മൂന്ന് സുകൃതങ്ങളും അതിന്റെ പൂർണ്ണതയിൽ നിലനിന്നിരുന്നു.

### 4. വിശുദ്ധിയുടെ സജീവത (Activism in Holiness)

സാധാരണ ചിന്താഗതിയിൽ വിശുദ്ധ ജീവിതം എന്നത് കേവലം ധ്യാനാത്മകത എന്നതാണ്. എന്നാൽ ക്രിസ്തീയ ചിന്താധാരയിൽ വിശുദ്ധി എപ്പോഴും സജീവതയുടെ അനുഭവമായിരിക്കും. നമ്മുടെ കർത്താവ് തന്നെ അതിന് മാതൃകയാണ്. പകൽ മുഴുവൻ സുവിശേഷ - സമാശ്വാസ പ്രവർത്തനവും രാത്രി മുഴുവൻ വേറിട്ടു പോയി പിതാവുമായിട്ടുള്ള കൂട്ടായ്മയും കർത്താവിന്റെ ഈ ലോക ജീവിത ക്രമമായിരുന്നു. ശ്ലീഹന്മാരും ആദിമ പിതാക്കന്മാരും എല്ലാവരും ഈ മാതൃക തങ്ങളുടെ ജീവിതത്തിൽ പിൻതുടർന്നിരുന്നു. പരി.പൗലോസ് ശ്ലീഹ പറയുന്നു: 'എനി ക്കും എന്നോടു കൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചിരിക്കുന്നു.' ചുരുക്കത്തിൽ വിശുദ്ധ ജീവിതം എന്നുള്ളത് ചലനാതമകതയും, സജീവതയുമാണ്. പത്തനാപുരം താബോർ ദയറായിൽ ഞങ്ങളുടെ വന്ദ്യ പിതാവായിരുന്ന മാർത്തോമ്മാ ദീവന്നാസിയോസ് തിരുമേനി തന്റെ ആശ്രമത്തിലെ സന്യാസികൾക്കായി ക്രമപ്പെടുത്തിയ ജീവിത ക്രമവും ഇതുതന്നെയായിരുന്നു. പകൽ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുകയും, രാത്രികാലങ്ങളിൽ ധ്യാനാത്മകതയിലും പ്രാർത്ഥനയിലും കഴിയുകയും ചെയ്യുക എന്നുള്ളത് ഈ ലേഖകൻ ഉൾപ്പെടെയുള്ള സന്യാസികൾക്ക് ഉൾവെളിച്ചമായി കിട്ടിയ മാതൃകയാണ്. മാർ തോമാ ദീവന്നാസിയോസ് തിരുമേനി ലാറ്റിൻ ഭാഷയിൽ നിന്നും എപ്പോഴും പറയുമായിരുന്ന രണ്ട് വാക്കുകൾ 'Ora et labora' എന്നത് വിരൽ ചൂണ്ടുന്നത് സമ്യക്കായി പ്രാർത്ഥനയും ജോലിയും എന്നാണ്. പരി.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി എപ്പോഴും പറയുമായിരുന്ന ഒരു ആശയം ഇപ്രകാരമാണ്. 'ഇരുന്ന് ക്ലാവു പിടിക്കാതെ, അരഞ്ഞ് മൊരഞ്ഞ് മൊരഞ്ഞ് അരഞ്ഞ് ഇല്ലാതെയാകണം'. പരി.പരുമല തിരുമേനി തന്റെ ജീവിതാന്ത്യം വരെ ധ്യാനാത്മക സജീവതയുടെ (Contemplative Activis)വക്താവായ പരിശുദ്ധനായിരുന്നു.

***ഉപസംഹാരം :*** *ക്രൈസ്തവ ധാർമ്മീകതയും സാക്ഷ്യ ജീവിതവും നിലനിർത്തുവാൻ സാധ്യമല്ലാത്ത ചുറ്റുപാടുകളാണ് ഇന്ന് നാം ജീവിക്കുസമൂഹത്തിലുള്ളത്. തിന്മകളും അധാർമ്മികതയും ഒരു പക്ഷേ സംസ്ക്കാരിന്റെ ഭാഗമായി ത്തീർന്നിരിക്കുന്നു. തിന്മകളുടെ സാംസ്ക്കാരീകരണം (Culturalization of Evils) ദൈനംദിനം വർദ്ധിച്ചു വരുന്നു. ഇങ്ങനെയുള്ള സമൂഹത്തിൽ എങ്ങനെ ക്രൈസ്തവ സാക്ഷ്യം നിലനിർത്തി ജീവിക്കാം എന്നുള്ളത് പലപ്പോഴും ഉയരുന്ന ഒരു ചോദ്യമാണ്. അതിനുള്ള ഉത്തരം പ്രധാനമായും രണ്ടാണ്.*

***തിന്മകളോട് അകലം പാലിക്കുക എന്നതാണ് പ്രഥമ പടി.***

*Maximize the distance between you and the worldly evils.*
*Minimize the distance between you and the God.*
*Optimize the distance between you and your brethren.*

***ആത്മീയ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുക എതാണ് രണ്ടാമത്തെ പടി.***

*നോമ്പിലൂടെയും, ഉപവാസത്തിലൂടെയും, കൗദാശിക ജീവിതത്തിലൂടെയും നമ്മുടെ ആത്മീകശക്തി നാം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.*

*പരി.പരുമല തിരുമേനി ഈ രണ്ട് മാർഗ്ഗങ്ങളും അവലംബിച്ച പരിശുദ്ധനായിരുന്നു.*

# പരുമല പുണ്യവാൻ

## കാലം ചിതൽ കുത്താത്ത പൂമരം



**ഫാ. ജോൺ ടി. വർഗ്ഗീസ്,** കുളനട
Former Secretary & Vice President, OCYM Kollam Diocese



ആരാണ് പരിശുദ്ധൻ എന്ന അന്വേഷണത്തിന് ഏറ്റവും സത്യമായ ഉത്തരം ദൈവസന്നിധിയിൽ യോഗ്യമായി ജീവിച്ചവൻ എന്നുള്ളതാണ്. പുണ്യാത്മാക്കളുടെ ജീവിതം അവരുടെ മരണത്തോടെ ആരംഭിക്കുന്നു എന്നതാണ് പരമാർത്ഥം. തങ്ങൾ നൽകിയ ഇല വളമാകാൻ കൊഴിയുന്നതിന്റെ പേരാണ് മരണം.

മലങ്കരയെന്ന വലിയ മുന്തിരിതോട്ടത്തിന്റെ വളം ഡിപ്പോയാണ് പരുമലയുടെ കബറിടം. നാമും വിശുദ്ധന്മാരും തമ്മിലുള്ള വ്യത്യാസമെന്താണ്. We are bilogically living but biographically dead. But Saints are biologically dead biographically living. നൂറ്റി ഇരുപത്തിമൂന്ന് വർഷം കഴിഞ്ഞിട്ടും ഒരൻപത്തിനാലുകാരന്റെ ഓർമ്മയുടെ വചനം കൂടി വരികയാണ്. ഉപനിഷത്തിൽ ഏകർഷി എന്നൊരു പദമുണ്ട്. സൂര്യനെപോലെയൊരു എന്നാണതിന്റെ അർത്ഥം. സമാനതകളില്ലാത്ത ഏകർഷിയാണ് പ.പരുമല തിരുമേനി. ദാനിയേൽ പ്രവാചകന്റെ ഭാഷയിൽ പറഞ്ഞാൽ ആകാശമണ്ഡലത്തിലെ പ്രഭ (12:3) എന്നു സാരം. ഒരു മനുഷ്യ ജന്മം പൂർണ്ണമാകുന്നത് നാലു മാർഗങ്ങളിലൂടെ സഞ്ചരിക്കുമ്പോഴാണ്. 1. ഭക്തിയോഗം 2. ജ്ഞാനയോഗം, 3. കർമയോഗം 4. ധ്യാനയോഗം. ഈ നാലു മാർഗങ്ങളിലൂടെയും സഞ്ചരിച്ച് നരജന്മത്തിന്റെ പൂർണ്ണതയിലെത്തിയ യുഗപ്രഭാവനാണ് പരുമല പുണ്യവാൻ.

**സത്തയും സ്വാധീനവും :**

ഒരു വ്യക്തി മറ്റൊരു വ്യക്തിയേയോ കാലത്തേയോ സ്വാധീനിക്കുന്നത് മൂന്ന് തലങ്ങളിലാണ്. 1. Inspiration through words 2. Inspiration through actions 3. Inspiration through being എന്നിവയാണത്. ആദ്യത്തേത്. രണ്ടും മാനുഷികമായ കഴിവുകളെയും താത്പര്യങ്ങളെയും ആശ്രയിച്ചിരിക്കും. ചരിത്രപുരുഷന്മാരും വിശ്വഗുരുക്കന്മാരും വിമോചന പോരാളികളുമൊക്കെ ആ ഗണത്തിൽ പെടും. എന്നാൽ സത്താപരമായ സ്വാധീനം അപാരമായ ദൈവ തേജസിൽ നിന്നൊരാൾ ആർജിച്ചെടുക്കുന്ന കൃപാ കാന്തിയുടെ സംവേദനമാണ്. പതിനാറാം സങ്കീർത്തനമനുസരിച്ച് അവർ അളവു നൂൽ മനോഹരദേശത്തു വീണവരും നല്ലോരവകാശം ലഭിച്ചവരുമാണ്. അവരെയോർക്കും ഭൂപടത്തിന്റെ വിളുമ്പിലേക്കു മാറ്റിനിർത്താനാവില്ല. കാറൽ മാർക്സിന്റെ ശവകുടീരം സന്ദർശിച്ച് തിരികെയെത്തി മഹാകവി ഒ.എൻ.വി. എഴുതിയത് "ശവകുടീരത്തിൽ നീയുറങ്ങുമ്പോഴും ഇവിടെ നിൻവാക്കുറങ്ങാതിരിക്കുന്നു" എന്നാണ്. അതൊക്കെ അത്രയെയുള്ളു. വാക്കു മാത്രമെ നിലനിൽക്കുന്നുള്ളു. ഉലക മഹാൻമാരഖിലരുമൊരു പോലെ കല്ലറയിൽ ഉറങ്ങുകയാണ്. പരിശുദ്ധന്മാരുടെ ജീവനും ജീവിതവും ഇവിടെ ഒരുപോലെ ഉണർന്നിരിക്കുകയാണ്. ചിലർ നമ്മിൽ കോപമുണർത്തും. ചിലർ നമ്മിൽ മോഹമുണർത്തും പ്രേമമുണർത്തും എന്നാൽ അപൂർവ്വം ചിലർ നമ്മിൽ ബോധമുണർത്തും. തളർന്നും തകർന്നും പോകുന്ന നമ്മുടെ ജീവിതവഴികളിൽ ധർമാധർമങ്ങളുടെ തെരഞ്ഞെടുപ്പിൽ കുഴങ്ങി നിൽക്കുന്ന പാതമുനമ്പുകളിൽ ഭക്തന് ബോധപ്രഹരം നൽകുന്ന മഹാമുനിയാണ് പ. പരുമല തിരുമേനി. എല്ലാവർക്കും അവശേഷിപ്പുകളുണ്ടാകും. അത്യപൂർവ്വമായി മാത്രം ചിലരിൽ അവശേഷിപ്പുകൾ തിരുശേഷിപ്പുകളാകും.

> “
> എല്ലാവർക്കും അവശേഷിപ്പുകളുണ്ടാകും. അത്യപൂർവ്വമായി മാത്രം ചിലരിൽ അവശേഷിപ്പുകൾ തിരുശേഷിപ്പുകളാകും.



നാമെങ്ങിനെ ഓർക്കപ്പെടുന്നു. പരിസരങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്നതൊരു പ്രധാന വിഷയം തന്നെയാണ്. ഉല്പത്തി 27:36 ൽ ഒരു ചോദ്യമുണ്ട്. പ്രതാപിയായ ഇസഹാക്ക് നടുങ്ങി പോകുന്നുണ്ട്. ആ മുഷിഞ്ഞ കിടക്കയിൽ 'നീ എനിക്ക് ഒരനുഗ്രഹവും ബാക്കിവച്ചിട്ടില്ലേ' എന്നതാണത്. വിവേകമുള്ള തലമുറ ചോദിക്കാൻ പോകുന്നത് സമ്പത്തല്ല സുകൃതങ്ങളാണ്. ഉയരമേറിയവനും ഉത്തമഭരണ കർത്താവും അതികായനും പരാക്രമശാലിയുമായ ശൗൽ എവിടെ നിൽക്കുന്നു? ശൗലിനെ ഭയന്ന് യഹൂദാ മലമടക്കുകളിലും എൻഗെദി മരുഭൂമിയിലും ഹലീല കുന്നുകളിലും അലഞ്ഞു നടന്ന ദൈവസ്നേഹിയായ ദാവീദ് മനുഷ്യമനസ്സുകളിൽ എവിടെ നിൽക്കുന്നു? സുറിയയിലെ രാജാവിന്റെ ധീരനും വീരനും പടത്തലവനുമായ നയമാനെക്കാൾ ആ വീടിന്റെ അടുക്കള മൂലയിൽ പാത്രം കഴുകുകയായിരുന്ന അടിമപെൺകുട്ടി നമ്മിൽ ബോധമുണർത്തിയിട്ടുണ്ട്. അധികാര കൊതിയനും പരാക്രമിയുമായിരുന്ന ഹിറ്റ്ലറുടെ ആത്മകഥ മെയിൻകാംഫിനെക്കാൾ ലോകം കൂടുതൽ വായിക്കുന്നത് അയാളുടെ നാസി തടങ്കൽപാളയത്തിൽ കൊല്ലപ്പെട്ട ആൻഫ്രാങ്കിന്റെ ഡയറി കുറിപ്പുകളാണ്. ചൈന ലോകത്തെ മഹാവലിപ്പമുള്ള രാജ്യമാണ്. കായികനിപുണതയിലും സാങ്കേതികവിദ്യയും കൊണ്ട് ഉപഭോഗത്തിന്റെ കമ്പോളത്തിൽ വിസ്മയം തീർത്ത നാടാണത്. ഗ്രീസ് എന്ന ചെറിയ രാജ്യത്തെ നോക്കു തമിഴ്നാടിനെക്കാൾ അല്പം കൂടി വലിപ്പമേയുള്ളു. വലിപ്പത്തിൽ കവിഞ്ഞ സ്വാധീനം പാശ്ചാത്യ ചിന്തയിലും നാഗരികത യിലും ചെലുത്തിയിട്ടുണ്ടവർ. പെരിക്ലീസിസും, ഹെറാക്ലീറ്റസും, പൈതഗോറസും, തെയിൽസും സോക്രട്ടീസും, പ്ലേറ്റോയും, അരിസ്റ്റോട്ടിലും, ഡയോജെനീസും, കസന്റ് സാന്തീസും തുടങ്ങി....എത്രെയോ വിശ്വമാനവർ. കലയും, നാടകവും, സംസ്ക്കാരവും, ജ്യാമിതിയും, ഗണിതവും, തത്വചിന്തയും, ആ നാട് ലോകത്തെ സ്വാധീനിച്ചത് അങ്ങനെയാണ്. ചൈന ലോകത്ത് ചന്തയുടെ ചക്രവാളമുയർത്തി. ഗ്രീസ് ലോകത്ത് ചിന്തയുടെ ചക്രവാളമുയിർത്തി ചന്തയ്ക്കൊപ്പം നീങ്ങുന്ന ഒരു ലോകമാണിന്ന്. ചിന്തയ്ക്കൊപ്പം നീങ്ങുന്ന ലോകമല്ല അവസാനം എന്തവശേഷിക്കും? എന്നൊരു ചോദ്യം നമ്മുക്ക് നമ്മോടു തന്നെ ഇടയ്ക്കിടെ ചോദിക്കാവുന്നതാണ്.

### പരുമലയും പത്മോസും

രണ്ടും ദ്വീപുകളാണ്. പഹയന്നാർകാവ് മുതൽ ഇരമല്ലിക്കര വരെയുള്ള പഴയ പതിനൊന്നര ചതുരശ്ര മൈൽ വ്യാസമുള്ള പനങ്കാടുകൾ നിറഞ്ഞ യക്ഷി പ്രേതാദികളുടെ ഒരു വിഹാരഭൂമി എന്നാണ് പഴയ പരുമലയെക്കുറിച്ചുള്ള വിശേഷണം. അവിടേക്ക് ഒരു കേവുവള്ളത്തിൽ വന്നിറങ്ങിയ 29 കാരനെ കാത്തിരുന്നത് അരപട്ടിണിയും ശൂന്യതകളുമൊക്കെയായിരുന്നു. ആ മണ്ണിൽ നിന്നുകൊണ്ട് ആഴമായ തപശക്തിയിലൂടെ ആർജിച്ചെടുത്ത കൃപ ഭാവികാലത്തിനുള്ള നിക്ഷേപമായിരുന്നു.

വി.യോഹന്നാൻ ശ്ലീഹാ തടവിലാക്കപ്പെട്ട പത്മോസിലേക്കു നോക്കൂ. വേദനകൾ, ഒറ്റപ്പെടൽ, ഏകാന്തത. പക്ഷേ അവിടെ ആത്മവിവശതയുടേയും വെളിപ്പാടിന്റേയും ഇടമായി മാറി. ഒരു വശത്ത് പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങൾ മറുവശത്ത് കാലത്തിനപ്പുറമുള്ള കാഴ്ച്ചകൾ. പത്മോസ് പരിതാപത്തിന്റേയും പരുക്കുകളുടേയും പരിശോധനകളുടേയും ഇടമാണ് അതേസമയം പറുദീസായിലേക്കുള്ള വഴിയും. തിരുമേനിക്ക് പരുമലയും അങ്ങനെയായിരുന്നു. നമുക്ക് ജീവിതത്തിന്റെ പത്മോസുകളിൽ പരുമലയും കബറും ഒരു പറുദീസാ വഴിയാണ്.


പത്മോസും പരുമലയും ഒരുപോലെ ഒരു ആത്മീന്ദ്രിയം തുറന്നുവയ്ക്കുന്ന ഇടമാണ്. അൻപതിൽ പരം തവണ തനിക്ക് ഒരു ദർശനമുണ്ടായെന്ന് പത്മോസിൽ യോഹന്നാൻ വിളിച്ചുപറയുന്നുണ്ട്. നമ്മുടെ പുണ്യവാനോ, മരണത്തിനു ദിനങ്ങൾക്ക് മുമ്പ് ഇവിടെയൊരു നിധിയുണ്ടാകുമെന്ന് പറഞ്ഞതും, വീയപുരത്തെ വിവാഹമേളയിൽ വിവാഹമോതിരം വീണുപോയപ്പോൾ വേദനിച്ചവരോട് പുണ്യവാൻ പറഞ്ഞതും, പാളയം പള്ളി മുറ്റത്തെ ഫോട്ടോ പകർത്തൽ ചരിത്രവും, പക്ഷികളുടെ ഭാഷ വശമുണ്ടായിരുന്നതും പരുമലയിൽ തുറന്നുകിട്ടിയ ആറാമിന്ദ്രിയമാണ്. അല്ല വിശ്വാസത്തിന്റെ സ്വർഗീയ നയനങ്ങൾ എന്നു പറയാം നമ്മുക്ക്. കണ്ണുകൾക്കപ്പുറമുള്ള കണ്ണുകൾ കൊണ്ട് കാഴ്ച്ചകൾക്കപ്പുറത്തെ കാഴ്ച്ച കണ്ടവരാണ് പരിശുദ്ധൻമാർ.

കാലം ചിതൽകുത്താത്ത പൂമരമാണ് പ.പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി. തണലും സുഗന്ധവും നൽകുന്ന ഈ പൂമരം വരണ്ടുവിണ്ടു കീറിയെ നമ്മുടെ ആത്മീക ജീവിതപരിസരത്തെ അപൂർവ്വ സൗഭാഗ്യമാണ്.

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



# പ. പരുമല തിരുമേനി: വൈദികശ്രേണിയും വിദ്യാഭ്യാസവും



ഡോ. മേലേടത്ത് കുര്യൻ തോമസ്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മലങ്കരയുടെ നിരണം, കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളടങ്ങുന്ന ഏതാണ്ട് പകുതി ഭാഗവും വിഘടിത നവീകരണ വിഭാഗത്തിന്റെ കേളീരംഗത്തിന്റെ ഏതാണ്ട് മുഴുവൻ ഭാഗവും ആയിരുന്നു. ഈ ഭദ്രാസനങ്ങൾ ഭരിച്ചിരുന്ന പ. പരുമല തിരുമേനിയുടെ മുമ്പിലെ ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു അവിടെ അച്ചടക്കമുള്ളതും കാര്യക്ഷമവുമായ ഒരു വൈദികശ്രേണി രൂപപ്പെടുത്തുക എന്നത്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ നിയോഗമനുസരിച്ച് 1878-ൽ പരുമല സെമിനാരിയിൽ താൻ മല്പാനായി ആരംഭിച്ച വൈദിക വിദ്യാഭ്യാസം ഇതിന് അടിസ്ഥാനമിട്ടു.

സെമിനാരി കേസ് വിധിപ്രകാരം കൊല്ലവർഷം 1061 കർക്കിടകം 3-ന് കോട്ടയം സെമിനാരി കൈവശം കിട്ടി. തുടർന്ന് അവിടെ അദ്ധ്യയനം പുനരാരംഭിച്ചു. 1886-ലെ മാനേജിംഗ് കമ്മറ്റി യോഗം പിറ്റേവർഷം മുതൽ എല്ലാ വൈദികവിദ്യാർത്ഥികളും പ്രാദേശിക പഠനസംവിധാനങ്ങൾക്കു പകരം കോട്ടയത്തു സെമിനാരിയിൽ ചേർന്നു പഠിക്കണമെന്ന് തീരുമാനിച്ചു. അതിനുമുമ്പുതന്നെ തന്റെ ശിഷ്യന്മാരായ ശെമ്മാശന്മാർ കോട്ടയത്തു സെമിനാരിയിൽ ചേർന്നു പഠനം പൂർത്തിയാക്കാൻ പ. പരുമല തിരുമേനി കല്പന നല്കിയിരുന്നു. എങ്കിലും തുടർന്നും പരുമല സെമിനാരിയിൽ ഭാഗികമായി വൈദികവിദ്യാഭ്യാസം നിലനിന്നിരുന്നു.

അനേകം വൈദികരെ സത്യവിശ്വാസത്തിൽ അഭ്യസിപ്പിച്ചു എന്നതിലുപരി പിൽക്കാല വൈദികശ്രേണി കരുപ്പിടിപ്പിച്ച പ്രതിഭാശാലികളായ ഗുരുക്കന്മാർ അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ വളർന്നവരായിരുന്നു എന്ന വസ്തുത വളരെ പ്രധാനമാണ്. അവരിൽ ഏറ്റവും പ്രമുഖൻ മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ (പിന്നീട് പ. മാർ ദീവന്നാസ്യോസ് ആറാമൻ, മലങ്കര മെത്രാപ്പോലീത്ത) ആയിരുന്നു. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക, കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ്, കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ്, മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ എന്നിങ്ങനെ പിന്നീട് രണ്ടായി പിളർന്ന സഭയിലെ ഇരു വിഭാഗത്തിലും വൈദികശ്രേണി സൃഷ്ടിച്ച പ്രമുഖരെല്ലാം പ. പരുമല തിരുമേനിയുടെ ശിഷ്യരായിരുന്നു. അതിനാലാണ് ഏതാണ്ട് ഒരു നൂറ്റാണ്ടുകാലത്തെ പിളർപ്പിനുശേഷവും മലങ്കര സഭയിൽ ആചാര-ആരാധന പാരമ്പര്യത്തിൽ വ്യത്യാസമില്ലാത്തതെന്ന് നിസ്സംശയം പറയാം.

തന്റെ ഭരണസീമയിലുള്ള വൈദികരുടെ ഇടയിൽ അച്ചടക്കം പാലിക്കുന്നതിന് പ. പരുമല തിരുമേനി ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ലഭ്യമായ കല്പനകളിൽ പലതും വൈദികരുടെ അച്ചടക്കം സംബന്ധിച്ചുള്ളതാണ്. അതേസമയംതന്നെ അവർക്ക് അർഹമായ വരുമാനങ്ങൾ ലഭിക്കുന്നു എന്നുറപ്പാക്കാനും, അവർക്ക് മാന്യമായ ബഹുമാനം ലഭ്യമാക്കാനും പ. തിരുമേനി


ശ്രദ്ധിച്ചിരുന്നു. ശരിയായ നടപടിക്രമങ്ങൾ പാലിച്ചുതന്നെയാണ് വൈദീകരുടെമേലുള്ള അച്ചടക്കനടപടികൾ അദ്ദേഹം സ്വീകരിച്ചിരുന്നതെന്നും രേഖകൾ വ്യക്തമാക്കുന്നുണ്ട്. കാലികമായി വൈദികയോഗങ്ങൾ വിളിച്ചുകൂട്ടുന്നതിലും പ. പരുമല തിരുമേനി ശ്രദ്ധിച്ചിരുന്നു. വൈദികരുടേതായി സ്ഥിരമായ ഒരു വൈദികസംഘവും അതിനൊരു വർക്കിങ് കമ്മറ്റിയും തിരുമേനി രൂപീകരിച്ചു. ഇത് വൈദികർക്ക് ഒത്തുചേരുന്നതിനും തങ്ങളുടെ പ്രശ്നങ്ങളും ആശയങ്ങളും പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി.

പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് സ്ഥാപിച്ച നവീകരണ വിഭാഗത്തിൽ ഭൂരിഭാഗവും പ. പരുമല തിരുമേനിയുടെ ഭരണസീമക്കുള്ളിലായിരുന്നു എന്നതിനാൽത്തന്നെ മറുകക്ഷിയിൽനിന്നു വന്ന പട്ടക്കാരെ ഏറ്റവുമധികം സ്വീകരിക്കേണ്ടി വന്നതും അദ്ദേഹമായിരുന്നു. ഇക്കാര്യത്തിൽ പ. പത്രോസ് പാത്രിയർക്കീസും മാർ ദീവന്ന്യാസ്യോസ് അഞ്ചാമനും തമ്മിൽ കടുത്ത അഭിപ്രായ ഭിന്നത ഉണ്ടായിരുന്നു. അത്തരം വൈദീകർക്ക് അഴിച്ചു പട്ടംകൊടുത്ത് മാത്രമേ സ്വീകരിക്കാവു എന്നായിരുന്നു പാത്രീയർക്കീസിന്റെ നിലപാട്. മാർ ദീവന്ന്യാസ്യോസ് അഞ്ചാമൻ ഇതിനോട് യോജിച്ചിരുന്നില്ല. അദ്ദേഹം പുനരഭിഷേകം നടത്താതെതന്നെ അവരെ സഭയിൽ സ്വീകരിച്ചിരുന്നു. പാത്രിയർക്കീസിന്റെ വിശ്വസ്ത വിധേയൻ എന്നു ചിലർ വിശേഷിപ്പിക്കുന്ന പ. പരുമല തിരുമേനി ഇക്കാര്യത്തിൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒപ്പമായിരുന്നു. വീണ്ടും പട്ടംകൊടുക്കാതെതന്നെ എതിർപക്ഷ പുരോഹിതരെ അദ്ദേഹം പ. സഭയിലേയ്ക്കു സ്വീകരിച്ചു തന്റെ മേലധികാരിയായ മലങ്കര മെത്രാപ്പോലീത്തായുടെ പാത പിന്തുടർന്നു. സമകാലിക രേഖകളൊന്നും പ. പരുമല തിരുമേനി പുനരഭിഷേകം നടത്തിയതായി പറയുന്നില്ല. പാശ്ചാത്യ സുറിയാനി സഭയുടെ കീഴ്നടപ്പിനു വിരുദ്ധമായി പട്ടമേറ്റശേഷം വിവാഹിതരായവരോട് പ. സഭ മൃദുസമീപനമാണ് കൈക്കൊണ്ടത്. അവരെ സഭയിലേക്ക് വൈദികരായിത്തന്നെ സ്വീകരിച്ചു. എന്നാൽ പൊതുവിൽ പുനർവിവാഹവും വിധവാ വിവാഹവും ചെയ്ത വൈദീകരോട് ഇത്തരമൊരു സമീപനം ആയിരുന്നില്ല അന്ന് കൈക്കൊണ്ടത്.

തന്റെ ഭരണകാലത്ത് മികച്ച വൈദികാദ്ധ്യസനവും ആധുനിക വിദ്യാഭ്യാസവും നല്കി തെക്കൻ പ്രദേശത്തെ വൈദികരുടെ നിലവാരമുയർത്താൻ പ. പരുമല തിരുമേനിക്കു കഴിഞ്ഞു. അതിനു താൻതന്നെ മുൻകൈ എടുത്ത് ആരംഭിച്ച പള്ളിക്കൂടങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ സ്കൂൾ സ്ഥാപനയജ്ഞം 1907 – ൽ മലങ്കര സഭയെ മൂന്ന് ഇംഗ്ലീഷ് ഹൈസ്ക്കൂളുകളുടെയും പത്തു ഇംഗ്ലീഷ് മിഡിൽ സ്ക്കൂളുകളുടെയും മൂന്നു ഗേൾസ് സ്ക്കൂളുകളുടെയും 200 മലയാളം പ്രൈമറി സ്കൂളുകളുടെയും ഉടമയാക്കിയിരുന്നു. അവയിൽ ഭൂരിഭാഗവും പ. പരുമല തിരുമേനിയുടെ ഭദ്രാസനങ്ങളിലായിരുന്നു. പ. പരുമല തിരുമനസിലെ കല്പനകളിൽ സ്കൂളുകൾ സ്ഥാപിക്കാനും അതിനുവേണ്ട ചെലവ് അതത് പള്ളിക്കാര്യത്തിൽ നിന്നു മുടക്കാനും ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. ആധുനിക വിദ്യാഭ്യാസം രുചിച്ചറിഞ്ഞ അദ്ദേഹത്തിന്റെ വൈദീകവൃന്ദം ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകി. പ്രാദേശികമായി സ്ഥാപിക്കപ്പെട്ട സ്കൂളുകളിലൂടെ ആധുനിക വിദ്യാഭ്യാസം എല്ലാവരുടേയും വീട്ടുമുറ്റത്തെത്തി. ഈ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മലങ്കര സഭയെ മാത്രമല്ല, പ. പരുമല തിരുമേനിയുടെ ഭരണസീമയിൽ ഉണ്ടായിരുന്ന മദ്ധ്യ തിരുവിതാംകൂറിനെ ആകമാനം സാംസ്കാരികമായി ഉയർത്തി എന്നതാണ് ഇതിന്റെ ആത്യന്തിക ഫലം.

ഇതെല്ലാം വ്യക്തമാക്കുന്ന ഒരു വസ്തുതയുണ്ട്. തന്റെ ഭരണകാലം പ്രശ്നരഹിതമായി കടത്തിവിടുക എന്ന കേവല ഉദ്ദേശമായിരുന്നില്ല പ. പരുമല തിരുമേനിക്ക് ഉണ്ടായിരുന്നത്. മറിച്ച്, തന്നെ പ. സഭ ഏൽപ്പിച്ച ഉത്തരവാദിത്വം – താലന്ത് – ദീർഘകാല വീക്ഷണത്തോടെ വളർത്തിയെടുക്കുക എന്ന ദൗത്യമായി ആണ് അദ്ദേഹം അതിനെ സ്വീകരിച്ചത്. മലങ്കര സഭ മാത്രമല്ല തന്റെ ഭരണസീമയിലുള്ള പൊതുസമൂഹവും ഇന്നും ഇതിന്റെ ഗുണഭോക്താക്കളാണ്. വൈദീകാദ്ധ്യസനത്തിന് പ. പരുമല തിരുമേനി നൽകിയ ഈ ഊന്നലിന്റെ അനന്തരഫലം തലമുറകൾക്കു ശേഷവും ഇന്നും നിലനിൽക്കുന്നു. ആധുനിക വിദ്യാഭ്യാസവും അതുവഴി ഉണ്ടാകുന്ന സാംസ്കാരിക ഉന്നമനവും ഉള്ള വൈദീകർ, അവർ നേതൃത്വവും പ്രോത്സാഹനവും നൽകുന്ന അജഗണങ്ങൾ, അവർ മുൻകൈ എടുക്കുന്ന വിദ്യാലയങ്ങൾ, ഇത്തരം പ്രാദേശികമായ പൊതു പള്ളിക്കൂടങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന സാമൂഹിക വളർച്ച ഇവ അന്ന് മദ്ധ്യ തിരുവിതാംകൂറിൽ ഉണ്ടാക്കിയ മാറ്റങ്ങൾ ചില്ലയറല്ല. ഒരു നൂറ്റാണ്ടിനു ശേഷവും മലങ്കരസഭാംഗങ്ങൾ മാത്രമല്ല, മദ്ധ്യ തിരുവിതാംകൂറിൽ നിന്നും ഇന്ന് കയറ്റുമതി ചെയ്യപ്പെടുന്ന വിദഗ്ധ മനുഷ്യ വിഭവശേഷിയുടേയും അടിസ്ഥാനം മറ്റൊന്നല്ല. ■

# ഊർശ്ലേം യാത്രാവിവരണം : മലയാളത്തിൽ അച്ചടിച്ച ലക്ഷണമൊത്ത ആദ്യത്തെ യാത്രാവിവരണം



ഡോ. പോൾ മണലിൽ

മലയാളത്തിൽ അച്ചടിച്ച ലക്ഷണമൊത്ത ആദ്യത്തെ യാത്രാ വിവരണമായ 'ഊർശ്ലേം യാത്രാവിവരണത്തിന്റെ കർത്താവ് പരുമല തിരുമേനി എന്നറിയപ്പെടുന്ന ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയാണ്. 1895 - ൽ തിരുമേനി നടത്തിയ യെറുശലേം തീർത്ഥാടനത്തിന്റെ അനുഭവക്കുറിപ്പുകളാണ് ആ വർഷം തന്നെ പുസ്തകരൂപത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥം. മലയാള ഗദ്യത്തിന്റെ വളർച്ചയുടെ നാഴികക്കല്ലായി കണക്കാക്കപ്പെടുന്ന ഈ സഞ്ചാര സാഹിത്യ രചന ആദ്യത്തെ അച്ചടിച്ച ലക്ഷണമൊത്ത യാത്രാവിവരണമാണെന്ന വാദം ഇതിനകം സാഹിത്യ ചരിത്രകാരന്മാരും പണ്ഡിതന്മാരും ഗവേഷകരും അംഗീകരിച്ച് കഴിഞ്ഞു.

മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം പാറേമ്മാക്കൽ തോമ്മാകത്തനാർ എഴുതിയ 'വർത്തമാനപുസ്തകം' ആണെന്നായിരുന്നു ഇത്രയും കാലം സാഹിത്യ ചരിത്രകാരന്മാർ ധരിച്ചുവച്ചിരുന്നത്. ഉള്ളൂരിന്റെ 'കേരള സാഹിത്യചരിത്രത്തിൽ പോലും പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണത്തെപ്പറ്റി പരാമർശിച്ചു കാണാത്തതിനാൽ ഈ കൃതിയെപ്പറ്റി പില്ക്കാലത്ത് സാഹിത്യകാരന്മാർ ഒരിടത്തും ചർച്ച ചെയ്തിരുന്നില്ല. 'വർത്തമാന പുസ്തകത്തിന്റെ' കൈയെഴുത്തുപ്രതി തയ്യാറാക്കിയത് 1785 - ലായിരുന്നു. അന്ന് അച്ചടി പ്രചുരപ്രചാരം നേടിയിരുന്നെങ്കിലും ഈ കൃതി ആദ്യമായി അച്ചടിച്ചത് 1936 - ലായിരുന്നു. 'ഊർശ്ലേം യാത്രാവിവരണമാകട്ടെ 1895 - ൽ എഴുതപ്പെടുകയും അച്ചടിക്കപ്പെടുകയും ചെയ്ത കൃതിയാണ്.

മലയാള സാഹിത്യത്തിലെ ഓരോ ശാഖയിലും ആദ്യം പ്രസിദ്ധീകരിക്കപ്പെട്ട കൃതികളുടെ മാനദണ്ഡം കണക്കാക്കുന്നത് അതിന്റെ രചനാകാലം മുൻനിർത്തിയാണ്. എന്നാൽ ആധുനിക ഘട്ടത്തിൽ അതിന്റെ മുഖ്യ മാനദണ്ഡം അച്ചടി തന്നെയാണ്. അച്ചടി പ്രചാരത്തിലാകുംമുമ്പ് രചിക്കപ്പെട്ട ഒരു കൃതിയുടെയും പ്രഥമസ്ഥാനം സാഹിത്യചരിത്രകാരന്മാർ ചോദ്യം ചെയ്തിട്ടില്ല. എന്നാൽ 'വർത്ത മാനപുസ്തകം' രചിക്കപ്പെട്ട് ഒന്നരനൂറ്റാണ്ട് അതൊരു കൈയെഴുത്തു പതിപ്പായിട്ടാണ് മലയാളത്തിൽ പ്രചാരം നേടിയതെന്ന യാഥാർത്ഥ്യം സാഹിത്യ ചരിത്രകാരന്മാർ മനസ്സിലാക്കി. മാത്രമല്ല, അതിന്റെ ലക്ഷണയുക്തിയിലും ന്യൂനതയുണ്ടെന്നു പണ്ഡിതന്മാർ വിലയിരുത്തി. 78 പദങ്ങളുള്ള 'വർത്തമാനപുസ്തകത്തിന്റെ ആദ്യത്തെ 13 അദ്ധ്യായം സഞ്ചാരവിവരണമല്ല. വെറും ചരിത്രവിവരണമാണ്.

'വർത്തമാന പുസ്തകം' രചിക്കപ്പെടുന്നതിനു മുമ്പു തന്നെ "സംക്ഷേപവേദാർത്ഥം' (1772) പോലുള്ള കൃതികൾ മലയാളത്തിൽ അച്ചടിച്ചിരുന്നു. അതിനാൽ അച്ചടി ഒരു മാനദണ്ഡമായി സ്വീകരിച്ചു കഴിഞ്ഞിട്ടും വർത്തമാന പുസ്തകത്തിന് പുസ്തകരൂപത്തിൽ വെളിച്ചം കാണാൻ കഴിയാത്തതിനാൽ സാങ്കേതികാർത്ഥത്തിൽ തന്നെ ആദ്യ കൃതിയെന്ന സ്ഥാനത്തിന് 'വർത്തമാനപുസ്തകം അർഹമല്ലാതായിത്തീരുന്നു. അങ്ങനെ ആ സ്ഥാനം "ഊർശ്ലേം യാത്രാ വിവരണത്തിന് ലഭിക്കുകയും ചെയ്തു. ആദ്യം എഴുതി അച്ചടിച്ചതുകൊണ്ടു മാത്രം ഒരു കൃതിക്ക് ആദ്യരചന എന്ന സ്ഥാനം നല്കുന്ന രീതി മലയാളത്തിൽ സാഹിത്യ ഗവേഷകർ നല്കിയിട്ടുമില്ല. മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യനോവൽ എന്ന സ്ഥാനം ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖയാണ് (1889) നല്കിയിരിക്കുന്നത്. സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മയുടെ കൈയെഴുത്തുപ്രതി 1884 - ൽ തയ്യാറായിരുന്നു. ഈ നോവൽ പക്ഷേ പുസ്തകരൂപത്തിൽ വെളിച്ചം കണ്ടത് 1891 - ലായിരുന്നു. അതുപോലെ 'ഇന്ദുലേഖ പ്രകാശിപ്പിക്കുന്നതിനു മുൻപ് ഘാതകവധം (1877), കുന്ദലത (1987). പുല്ലേലിക്കുഞ്ചു (1882) എന്നീ നോവലുകൾ വെളിച്ചം കണ്ടിരുന്നു. എന്നാൽ ഇതിനൊന്നും ലക്ഷണയുക്തിയുടെ പേരിൽ ആദ്യനോവൽ എന്ന സ്ഥാനം സാഹിത്യ നിരൂപകർ നല്കിയില്ല. ഈ മാനദണ്ഡം തന്നെ യാത്രാ വിവരണത്തിനും ബാധകമായതിനാൽ 'ഊർശ്ലേം യാത്രാ വിവരണം' തന്നെയാണ് മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യത്തെ സഞ്ചാര സാഹിത്യരചനയെന്ന വാദം അംഗീകരിക്കേണ്ടിവരുന്നു.

'ഊർശ്ലേം യാത്രാവിവരണം' അച്ചടിക്കുന്നതിനു മുൻപ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് 'ഊർശ്ലേം വർത്തമാനം' (1865) എഴുതിയിരുന്നെങ്കിലും 1901- ലാണ് ഇത് പുസ്തകരൂപത്തിൽ വെളിച്ചം കണ്ടത്. അതുപോലെ മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണമെന്ന് രേഖപ്പെടുത്തിയ കടയാട്ട് ഗോവിന്ദമേനോന്റെ കാശിയാത്രാ റപ്പോർട്ട് (1872) വെറുമൊരു ടൂറിസ്റ്റ് ഗൈഡാണെന്ന് പണ്ഡിതന്മാർ വിലയിരുത്തിയിട്ടുണ്ട്. അതിനാൽ ഈ കൃതി യാത്രാവിവരണത്തിന്റെ ലക്ഷണയുക്തിയിൽ അവഗണിക്കപ്പെട്ടിരിക്കുന്നു. 'ഊർശ്ലേം യാത്രാവിവരണം' പ്രസിദ്ധീകരിക്കുന്നതിനു മുൻപ് കട്ടക്കയത്തിൽ കൊച്ചു ചാണ്ടിയച്ചൻ എഴുതിത്തുടങ്ങിയ ചതുബാലായനചരിതം' 1886 മുതൽ 1906 വരെയുള്ള റോമായാത്രയുടെ ഡയറിക്കുറിപ്പാണെങ്കിലും 1987 - ലാണ് അത് വെളിച്ചം കണ്ടത്. അതു പോലെ പോർട്ടുഗൽ സ്വദേശിയായ യോഹന്നാൻ പോർട്ടുഗീസ് ഭാഷയിലെഴുതിയ മറ്റൊരു യെറുശലേം യാത്രാവിവരണം 1880 - ൽ 'ഒശ്ലെം തിരുയാത്രാവിവരണ'മെന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലയാളത്തിലെ ഇത്തരം ആദ്യകാല യാത്രാവിവരണങ്ങളുടെ പ്രാധാന്യം അംഗീകരിച്ചുകൊണ്ടുതന്നെ പരുമല തിരുമേനിയുടെ 'ഊർശ്ലേം യാത്രാവിവരണത്തിന് മലയാള നോവലിൽ ഇന്ദു ലേഖയ്ക്ക് പ്രഥമസ്ഥാനം നല്കിയിരിക്കുന്നതുപോലെ, യാത്രാ വിവരണത്തിൽ പ്രഥമസ്ഥാനം സാഹിത്യഗവേഷകർ നല്കിയിരിക്കുന്നു.

വിശുദ്ധ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലങ്ങളും യേശുവിന്റെ കാൽപ്പാദങ്ങളാൽ പവിത്രമായ ഊർശ്ലേം പട്ടണവും സന്ദർശിക്കുവാൻ വേണ്ടി 1895 ജനുവരിയിൽ (മകരം 16) പരുമലയിൽ നിന്നു പുറപ്പെട്ട് 1895 മെയ് മാസം (ഇടവം 5) നാട്ടിൽ തിരിച്ചെത്തിയ ഒരു യാത്രയുടെ വിവരണ ങ്ങളാണ് പരുമല തിരുമേനി 'ഊർശ്ലേം യാത്രാവിവരണം' എന്ന പേരിൽ ഒരു മാസംകൊണ്ട് എഴുതിത്തീർത്തത്. തുടർന്ന് കോട്ടയം പഴയ സെമിനാരിയിൽ ഉണ്ടായിരുന്ന മാർത്തോമൻ അച്ചുകൂടത്തിൽനിന്ന് ഇതിന്റെ ആയിരം പ്രതി അച്ചടിച്ചു. രണ്ടു മാസംകൊണ്ട് ഇതു വിറ്റഴിഞ്ഞതിനാൽ ഉടനെതന്നെ ഇതിന്റെ രണ്ടാം പതിപ്പും പുറത്തിറക്കി. തിരുമേനി കാലം ചെയ്യുന്നതിനു മുൻപ് (1902) ഇതിന്റെ രണ്ടു പതിപ്പുകൾ കൂടി പുറത്തിറക്കി.

തിരുമേനി കാലം ചെയ്തതിനുശേഷം വിവിധ പ്രസാധകർ ഈ കൃതിയുടെ ഒരു ഡസനിലേറെ പതിപ്പുകൾ പ്രകാശിപ്പിച്ചെങ്കിലും 1996 - ൽ സുകുമാർ അഴീക്കോടിന്റെ അവതാരികയോടെ ശതാബ്ദി പതിപ്പ് കോട്ടയത്തെ കറന്റ് ബുക്സ് പ്രസിദ്ധപ്പെടുത്തിയതോടെയാണ് ഈ പുസ്തകം സാഹിത്യരംഗത്ത് വിവാദം ഉയർത്തിയ ചർച്ചയ്ക്ക് വിധേയമായത്. 'ആധുനിക മലയാള സാഹിത്യ ചരിത്ര'ത്തിലും (ഡോ.കെ.എം. ജോർജ്), 'മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ'യിലും (എരുമേലി) ഈ വിവാദത്തിലെ യുക്തികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. 'വർത്തമാനപ്പുസ്തക'ത്തിന്റെ മഹത്വം അംഗീകരിച്ചുകൊണ്ടുതന്നെ 'ഊർശ്ലേം യാത്രാവിവരണത്തിന്റെ ഉൽകൃഷ്ടശൈലിയെ നിരൂപകർ വാഴ്ത്തുന്നു.

പരുമല തിരുമേനിയുടെ നേതൃത്വത്തിൽ പൗലോസ് റമ്പാൻ, വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ, തെക്കൻ പറവൂർ തോപ്പിൽ ലൂക്കോസ്, തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാർ, കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസ് കത്തനാർ, ശീമക്കാരൻ ശ്ലീബാ ശെമ്മാശൻ, പരുമല തോപ്പിൽ (മണലിൽ) ഫിലിപ്പോസ് എന്നിവരായിരുന്നു ഊർശ്ലേം തീർത്ഥാടനത്തിനു പുറപ്പെട്ടത്. ഈ എട്ടംഗ സംഘം പട്ടാമ്പിയിൽ നിന്ന് മുംബൈ നഗരം വരെ തീവണ്ടിയിലും അവിടെനിന്ന് പോർട്ട് സായിഡ് വരെ കപ്പലിലും അവിടെനിന്ന് ഊർശ്ലേം വരെ തീവണ്ടിയിലും യാത്ര ചെയ്തു. യാത്രാസൗകര്യങ്ങൾ തീരെ കുറവായിരുന്ന ഒരു കാലത്ത് വളരെ ക്ലേശം സഹിച്ചു നടത്തിയ ഈ യാത്രയുടെ അനുഭവക്കുറിപ്പുകൾ കേരളത്തിലെ സഭാമക്കൾക്കു വേണ്ടിയാണ് പരുമല തിരുമേനി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടു ത്തിയത്. സഭാമക്കളിൽ നിന്ന് പണം ശേഖരിച്ചായിരുന്നു യാതയ്ക്കുള്ള പണം തിരുമേനി ഒരുക്കിയിരുന്നത്.

സഞ്ചാര സാഹിത്യത്തിന് ലോകത്ത് ഒരെഴുത്തുകാരനും നൽകാത്ത ഒരു നിർവചനം കൂടി ഈ ഗ്രന്ഥത്തിലൂടെ പരുമല തിരുമേനി നല്കി - സഞ്ചാര സാഹിത്യം കാഴ്ചയുടെ പൂർണ്ണതയാണെന്ന് തിരുമേനി നിർവചിച്ചു. കാഴ്ചയുടെ പൂർണ്ണതയെ പരുമല തിരുമേനി ഇങ്ങനെ നിർവചിച്ചിരുന്നു: "ഈശ്വരനെ ആത്മാവിലും സത്യത്തിലും നാം സേവിക്കണ മെങ്കിലും ആത്മാവിന്റെയും സത്യത്തിന്റെയും പൂർണ്ണത പ്രാപിക്കു വാൻ കാഴ്ച ഏറ്റവും ഉപയോഗമുള്ളതാണ്. ചെവികൊണ്ടു ഗ്രഹിക്കാവുന്നതിൽ അധികം കണ്ണുകൊണ്ട് ഗ്രഹിക്കാം. അതിലൂടെയു ണ്ടാകുന്ന വിശ്വാസസ്ഥിരതയും മനസ്സിന്റെ ഭക്തിയും നാം രുചിച്ചു തന്നെ അറിയണം. കാഴ്ചയുടെ പൂർണ്ണതയെ രുചിച്ചറിയാനുള്ള ഉദാത്തമായ ഒരവസരമാണ് പരുമല തിരുമേനി ഊർശ്ലേം യാത്രാവിവരണത്തിലൂടെ മലയാള ഭാഷയ്ക്ക് സംഭാവന ചെയ്തിരിക്കുന്നത്.



യുവതീപംക്തി



# ആത്മീയനിറവിന്റെ മകുടം: പരി.പരുമലതിരുമേനി

**അഷ്ന അന്ന വർഗ്ഗീസ്**
OCYM Diocese Committee Member, Nilackal Diocese

മലങ്കരസഭാന്തരീക്ഷത്തിലെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളും മഹത്തരം ആക്കിയ അനശ്വരഗുരുവാണ് പരുമല കൊച്ചു തിരുമേനി. അക്കാലത്തെ ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലും മലയാളക്കരയുടെ നവോത്ഥാന മണ്ണിലും നേതൃത്വം നൽകിയ ശ്രേയസുറ്റ വ്യക്തിത്വമാണ് പരിശുദ്ധപിതാവ്. ഈമഹത് വ്യക്തിത്വത്തിന്റെ സംഭാവനകളെ വിശകലനം ചെയ്യുവാൻ ശ്രമങ്ങൾ ഏറെ ഉണ്ടായിട്ടുണ്ട്. അവ ക്രോഡീകരിപ്പാനും അവതരിപ്പാനും പരിമിതികൾ ഏറെയുണ്ട്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സമകാലീന സാഹചര്യത്തിൽ പരിശുദ്ധ തിരുമേനിയുടെ ജീവിതത്തെ വിശകലനം ചെയ്യുന്നു.

## 1. ദൈവവിശ്വാസത്തിന്റെ സമകാലീന സാധ്യത

ശാസ്ത്രപുരോഗതിയുടെയും വിവര സാങ്കേതിക വിദ്യയുടെയും കുതിച്ചു ചാട്ടത്തി നിടയിൽ ദൈവവിശ്വാസത്തിന്റെ സാധ്യതകളെ ആരായുക സംഗതമായ കർത്തവ്യമാണ്. മനുഷ്യ നാണ് മനുഷ്യന്റെ നേതാവ് എന്ന് ശാസ്ത്രം വിളിച്ചോതുമ്പോൾ ജീവന്റെ അടിസ്ഥാനം ദൈവ മാണെന്ന് അന്വേഷിച്ചറിയേണ്ടത് ആധുനിക കാലത്ത് അനിവാര്യമായ ലക്ഷ്യമാണ്. മനുഷ്യ ബുദ്ധിക്കും ചിന്തയ്ക്കും ഉപരിയായി പ്രവർത്തി ക്കുന്ന ദൈവസത്തയെ മനസ്സിലാക്കുവാൻ പരിമിതികൾ ഏറെയുണ്ട്. അനുഭവ നിഷ്ഠമായ ആധ്യാത്മികതയാണ് ദൈവവിശ്വാസത്തെ ശക്തികരിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നത്. വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ദൈവ കേന്ദ്രീകൃതമായ ജീവിതശൈലി ആവിഷ്കരിക്കുവാനാണ് ഓർത്തഡോക്സി വിഭാവനചെയ്യുന്നത്. പാശ്ചാത്യലോകവും പാശ്ചാത്യസംസ്കാരവും മനുഷ്യനെയും പ്രകൃതിയെയും ദൈവത്തെയും വേറിട്ട് കാണുമ്പോൾ പൗരസ്ത്യ ഓർത്തഡോക്സി സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് ആവിഷ്കരിക്കുന്നത്. പരിശുദ്ധ പരുമല തിരുമേനി ഇത്തരത്തി ലുള്ള ഒരുബന്ധമാണ് തന്റെ സ്രഷ്ടാവുമായി കാത്തുസൂക്ഷിച്ചത്. സൃഷ്ടിയിൽ സ്രഷ്ടാവിന്റെ മഹത്വം കാണുന്ന സമന്വയ ദർശനമാണ് നാമും രൂപീകരിക്കേണ്ടത്.



## 2. പൗരസ്ത്യ ഋഷിപാരമ്പര്യത്തെ ജൈവപരമായി ഉൾക്കൊണ്ട പിതാവ്

ഋഷിമാരുടെ പ്രാർത്ഥനാജീവിതവും ഉപവാസ നിഷ്ഠയും അണുവിട തെറ്റിക്കാതെ ഹൃദയാന്തർഭാഗത്ത് ചേർത്തു നിർത്തിയിരുന്നു ഈപിതാവ്. ആത്മീയത കേവലം ഉപരിപ്ലവം ആകുന്ന ഈ കാലത്ത്, ആരാധന കേവലം ശബ്ദകേന്ദ്രീകൃത മാകുന്ന ഈ കാലത്ത് അനുഷ്ഠാനങ്ങൾ കേവലം ബാഹ്യ ആഘോഷങ്ങൾ ആകുന്ന ഇക്കാലത്ത് നമുക്ക് നോക്കാൻ ഒരു പിതാവുണ്ട്, നമുക്ക് പഠിക്കാൻ പരിശുദ്ധ പരുമല തിരുമേനിയുടെ ദർശനങ്ങളുണ്ട്. യുവാക്കളും കുട്ടികളും വൈദീകരും മറ്റു അവൈദീകരും അടങ്ങുന്ന സഭ ാ വേദികൾ സൂക്ഷ്മ ദർശനം നടത്തേണ്ടതുണ്ട്. പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുനാൾ കൊണ്ടടുന്ന ഈ വേള അതിന് സഹായകമാകും എന്ന് പ്രതീക്ഷിക്കാം. അഭ്യസിക്കുന്ന ശിക്ഷണവും പഠിക്കുന്ന പാഠങ്ങളും ലഭിക്കുന്ന സാഹചര്യത്തിൽ അർത്ഥവത്തായി വിനിമയം ചെയ്യ പെടുമ്പോളാണ് ശിഷ്യൻ ഗുരുവിനോടൊപ്പം വളരുന്നത്. ഇതിന് പരിശുദ്ധ പിതാവിനെ പ്രാപ്തനാക്കിയ അനേക ഘടകങ്ങളുണ്ട്.

- ✞ അചഞ്ചലമായ ദൈവവിശ്വാസം
- ✞ നിഷ്ഠാപൂർവമുള്ള ആരാധനജീവിതം
- ✞ സ്വയത്തെ വെടിഞ്ഞുള്ള സഭാസ്നേഹം
- ✞ വിമർശനബുദ്ധിയോടെ സാഹചര്യങ്ങളെ വിലയിരുത്തുവാൻ സ്വതസിദ്ധമായ ശൈലി.

ഇതുപോലെ പരിശുദ്ധപിതാവ് നമുക്ക് കാട്ടിതന്ന മാർഗത്തിലൂടെ ചരിക്കാൻ നമുക്ക് ശ്രമിക്കാം. മടുത്തുപോകാത്ത പ്രാർത്ഥനയും വിശ്വാസവും ചേർത്തുപിടിച്ച് ദൈവവിശ്വാസ ത്തോടെ പ്രശ്നങ്ങളെ നേരിടുവാൻ തയ്യാറാകുമ്പോൾ പരിശുദ്ധ പരുമല തിരുമേനിയുടെ ഓരോ ഓർമ്മ പെരുനാളുകളും കൂടുതൽ ധന്യമാകും.


സെൻ്റ് മേരീസ് ഓർത്തഡോക്സ് പള്ളി
പുറ്റടി
കർമ്മേൽ മാർ ഗ്രിഗോറിയോസ്
കുരിശുമല ചാപ്പലിൽ
പരി. പരുമല
തിരുമേനിയുടെ
121-ാമത്
ഓർമ്മപ്പെരുന്നാൾ
2023 നവംബർ 1,2,3,4 തീയതികളിൽ
ഇടുക്കി ഭദ്രാസനാധിപൻ
അഭി. സഖറിയ മാർ സേവേറിയോസ്
മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ
കൊടിയേറ്റ്
കൺവെൻഷൻ
പ്രദക്ഷിണം
വി. കുർബ്ബാന
സ്നേഹവിരുന്ന്
നേർച്ചവിളമ്പ്
സ്കോളർഷിപ്പ് വിതരണം
ശ്ലൈഹിക വാഴ്വ്
The Vicar
St. Marys Orthodox Church
Puttady P.O., Vandanmedu,
Idukki (Dt.) - 685551
facebook: carmelmargregoriosepilgrimcentreputtady
Bank Details
Union Bank, Puttady Branch
IFSC : UBIN0562645
A/c No. 626402010000199
ഏവരെയും പ്രാർത്ഥനാപൂർവ്വം സ്വാഗതം ചെയ്യുന്നു.


പ്രാർത്ഥനയോടെ...
" നിങ്ങളുടെ ഇന്റീരിയറിന് മോടികൂട്ടാം ഞങ്ങളിലൂടെ... "
13 YEARS MOST TRUSTED BRAND
SOFAS CUSTOMIZATION AVAILABLE CUSTOMER SATISFACTION IS OUR PRIME MOTTO
37/446, Muslim Juma MAsjid Building
Blessing Today Road
Thrikkakkara, Ernakulam
+91 8606238911
+91 9746484844
Belmountie premium sofas
impulse Designers Furniture
H/O 32/3330, South Kalamassery,
Opp. TVS, Kalamassery (P.O). Cochin Tel : 0484 6532798,
email : impulsedesignersfurniture@gmail.com
Web : www.impulsedesigners.com
f/impulsedesignersfurniture




Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu, Publisher : Binu Pappachan